# The Prabuddha Keralam.

# പ്രബുദ്ധകേരളം.

വിവേകനിർമ്മലാനന്ദ ജ്ഞാനവൈരാഗ്യസിദ്ധിദം
"പ്രബുദ്ധകേരളം" രാമകൃഷ്ണോരക്ഷതുസർവ്വദാ

വാല്യം ൰൫ } ൲൱൫ മേടം { ലക്കം ൧

ശ്രീ.

## ശ്രീരാമകൃഷ്ണോപദേശം.

ഈശ്വരഭക്തയും പതിവ്രതയുമായ ഒരു സ്ത്രീ തന്റെ ഭർത്താവിനെയും കുഞ്ഞുങ്ങളെയും സ്നേഹപൂർണ്ണമായ ഹൃദയത്തോടുകൂടി ശുശ്രൂഷിച്ചുകൊണ്ടും അതേസമയത്തുതന്നെ മനസ്സു ഭഗവാനിൽ സമർപ്പിച്ചുകൊണ്ടും ഗൃഹകൃത്യങ്ങൾ നിർവ്വഹിച്ചുവന്നു. ആ സാദ്ധ്വി ഭർത്താവിന്റെ ശരീരത്യാഗത്തിനുശേഷം ശവസംസ്കാരം കഴിഞ്ഞയുടൻ തന്നെ തന്റെ സ്ഫടികവളകളെ പൊട്ടിച്ചുകളകയും അതിന്റെ സ്ഥാനത്തു ഒരു ജോടി സ്വർണ്ണവളകൾ ധരിക്കുന്നതിനു തുടങ്ങുകയും ചെയ്തു. അസാധാരണമായ ഈ നടപടികണ്ടു് ആളുകൾ അത്ഭുതപ്പെട്ടു. എന്നാൽ അവൾ പറഞ്ഞ സമാധാനം ഇപ്രകാരമാണു്. "ഇതുവരെ എന്റെ ഭർത്താവിന്റെ ശരീരം ഈ വളകളെപോലെ ഭംഗുരമായിരുന്നു: ക്ഷണസ്ഥായിയായ ആ ശരീരം അ

വസാനിച്ചു. ഇപ്പോഠം അദ്ദേഹം സവ്വവിധത്തിലും നിത്യനും അഖണ്ഡസചരൂപനുമായിരിക്കുന്നു. ഇനിമേൽ അദ്ദേഹത്തിൻെറ ശരീരം ഭംഗുരമല്ല. അതാണ് ഞാൻ ഭംഗുരമായ വളയെ ത്യജിച്ച് അതിനുപകരം എന്നും നിലനിൽക്കുന്നതരത്തിലുള്ള ആഭരണങ്ങഠം ധരിച്ചതിനുള്ള കാരണം.

ഗംഗാജലം വെറും പച്ചവെള്ളമാണെന്നു വിചാരിക്കരുതു്. അതുപോലെ ശ്രീവൃന്ദാവനത്തിലെ ധൂളിയും വെറും പൊടിയായി കരുതാൻ പാടില്ല. ശ്രീ ശ്രീജഗന്നാഥത്തെ ദേവൻെറ പ്രസാദവും വെറും ചോറെന്നു മാത്രം വിചാരിച്ചാൽ പോരാ. ഇവ മൂന്നും പരബ്രഹ്മസ്വരൂപംതന്നെയാണ്. ശുഭം.

# ശ്രീരാമകൃഷ്ണദേവൻെറ തിരുവായ്മൊഴി.

(രണ്ടാംഭാഗം ഇരുപത്തിനാലാം ഖണ്ഡം.)

## അദ്ധ്യായം ४.

ഭഗവാൻ കീത്തനാനന്ദത്തിൽ

ഗായകൻ മേളക്കാരോടുകൂടി വന്നുചേന്നു. അവർ മുറിക്കകത്തു ഒരുങ്ങിയിരിപ്പുണ്ടു്. ഭഗവാൻെറ അനുമതിയോടുകൂടി പാട്ടാരംഭിക്കണം. ഭഗവാൻ തുടങ്ങാൻ പറഞ്ഞു.

രാമചന്ദ്രൻ:—(ശ്രീരാമകൃഷ്ണദേവനോട്) അവിടുന്നു പറയുക. ഇവർ ഏതു പാട്ടാണുപാടേണ്ടതു്?

ശ്രീരാമകൃഷ്ണദേവൻ:—ഞാൻ എന്തുപറയണം? (അല്പം ചിന്തിച്ചിട്ട്) അനുരാഗമാകട്ടെ!

ഗായകൻ പ്രേമഗാനം ആരംഭിച്ചു.

പാട്ട്:— ആരേ മോര ഗോരാ ദ്വിജമണി
രാധാ രാധാ ബലി കാന്ദേലോടായ ധരണീ
രാധാനാമ ജപേ ഗോരാ പരമയതനേ
സുരധുനീ ധാരാ വഹേ അരുണനയനേ
ക്ഷണേ ക്ഷണേ ഗോരാ അംഗഭ്രമേ ഗഡി ജായ
രാധാനാമബലി ക്ഷണേ ക്ഷണേ മൂരച്ഛായ
പുളകേ പൂരല തനു ഗദ ഗദ ബോല
വാസുകഹേ ഗോരാ കേന ഏത ഉതരോല.

അൎത്ഥം— ഹേ! നമ്മുടെ ചൈതന്യദേവനാകുന്ന ദ്വിജവരൻ രാധേ രാധേ എന്നു പറഞ്ഞു കരഞ്ഞുംകൊണ്ടു് തറയിൽ ഉരുളുന്നു. ആ ഗൗരാംഗദേവൻ അതിസാഹസപ്പെട്ടു് രാധാനാമം ഉച്ചരിച്ചുകൊണ്ടു് അരുണനയനങ്ങളിൽ കൂടി ബാഷ്പധാരയെ ഗംഗയെന്നപോലെ പ്രവഹിപ്പിക്കുന്നു; പ്രതിക്ഷണം ഗൗരാംഗന്റെ ദേഹം നിലം പതിക്കുന്നു. രാധാനാമം ഉച്ചരിച്ചു് അനുക്ഷണം മൂൎഛിക്കുന്നു. ഉടൻ കോൾമയിക്കൊള്ളുന്നു. തൊണ്ടയിടറിയുച്ചരിക്കുന്നു. എന്തുകൊണ്ടു ഗൗരാംഗൻ ഇത്രമാത്രം മതിമറക്കുന്നു—എന്നു വാസു(കവി) പറയുന്നു.

കീൎത്തനം തുടന്നു. യമുനാതടത്തിൽ ആദ്യം ശ്രീകൃഷ്ണനെക്കണ്ടതുമുതൽക്കുള്ള ശ്രീമതിയുടെ അവസ്ഥയെപ്പററി തോഴിമാർ പറയുന്നു:—

പാട്ടു്.— ഘരേര ബാഹിരേ ദണ്ഡേ ശതവാരതിലേതിലേ
ആഉസേജായ
മനഉചാടന നിശ്വാസ സഘന കദംബകാനനേചായ
(രാഇ ഏമൻ കേനേവാ ഹൈൽ)
ഗുരുദുരുജന, ഭയനാഹിമന, കോഥാവാകിദേവപാഇൽ
സദാഇചഞ്ചല, വസന അഞ്ചല, സംവരണനാഹികരേ.
ബസി ബസിഥാകി ഉഠയേ ചമകി, ഭൂഷണഖഷിയാപഡേ
വയസേകിശോരീ, രാജാർകുമാരീ, താഹേ കുലവധൂബാലാ
കിവാഅഭിലാഷേ, ആഛയേലാലസേ, നാബുഝിതാഹാർ
ഛലാ
താഹാർ ചരിതേ, കേൻ ബുഝിചിതേ, ഹാത്ബാഡാ ഇ
ല ചാന്ദേ
ചാണ്ഡീദാസകയ,കരിഅനുനയ,ഠേകേഛകാലിയാഫാന്ദേ.

അൎത്ഥം:— വീട്ടിനു വെളിക്കു ന്തുവപ്രാവശ്യം ചെന്നുനില്ക്കും. അൻനിമിഷം പോയിവരും. മനസ്സുപര്യാകുലമായി. ശ്വാസം ഘനതരമായി. കദംബകാനനത്തിലാണു് ആശ. (രാധ എന്താണിങ്ങനെയായിപ്പോയതു്) മാതാപിതാക്കൾക്രൂരന്മാരായിരിക്കുന്നു, എന്നു വിചാരിച്ചു് രാധയുടെ മനസ്സു ഭയപ്പെടുന്നില്ല. എന്തോ ദേവത അവളെപ്പിടികൂടിയിരിക്കുന്നു! വസനാഞ്ചലം സദാ ചഞ്ചലമായിരിക്കുന്നു. പിടിച്ചുനിറുത്താൻ കഴിയുന്നില്ല. ഇരിക്കയായിരിക്കും, പെട്ടെന്നു പുളകിതയായി നില്ക്കും. ആഭരണം ഊരിവീഴും. ബാലവയസ്സു്, രാജവംശത്തിലെ കുമാരി, അതിലും കുലസ്ത്രീ! എന്തഭിലാഷം കൊണ്ടാണു് അവൾ പരവശയായിതീൎന്നിരിക്കുന്നതു്? അതിന്റെ മൎമ്മം മനസ്സിലാകുന്നില്ലല്ലോ. അവളുടെ നടപടിയിൽ നിന്നും, അവൾ അമ്പിളിയെപ്പിടിക്കാൻ

കൈനീട്ടിയിരിക്കയാണെന്നു, എൻെറ ബുദ്ധിയിൽത്തോന്നുന്നു. എന്നാൽ ചണ്ഡീദാസൻ (കവി) സപ്രശ്രയം പറയുന്നതു്, കാർവ ർണ്ണൻെറ കരുക്കിൽക്കുടുങ്ങിയിരിക്കുന്നുവെന്നാണു്.

കീർത്തനം വീണ്ടും തുടരുന്നു. ശ്രീമതിയോടു തോഴിമാർ പറ യുന്ന വാക്യം:-

പാട്ടു്. കഹ കഹ സുവദനി രാധേ
കീ തോര ഹഇൽ വിയാധേ
കേൻ തോരേ ആനമനദേഖി
കാഹേ നഖേ ക്ഷിതിതലേ ലിഖി
ഹേമകാന്തി ഝാമര ഹഇൽ
രാങ്ഗാവാസ ഖസിയാ പഡിൽ
ആംഖിയുഗ്മ അരുണ ഹഇൽ
മുഖപത്മ ശുകാഇയാ ഗേൽ
ഏമൻ ഹഇൽ കി ലാഗീയാ
നാ കഹിലേ ഫാടി ജായ ഹിയാ
ഏത ശുനി കഹേ ധനി രാഇ
ശ്രീയദുനന്ദന മുഖ ചാഇ

അർത്ഥം:- സുമുഖി! രാധേ! പറക പറക. നിനക്കു എന്തു വ്യാധിവന്നു? നീ അന്യമനസ്കയായിക്കാണുന്നതെന്തു്? നഖത്താൽ ക്ഷിതിതലത്തിൽ ലേഖനം ചെയ്യുന്നതെന്തിനു്? സുവർണ്ണപ്രഭ മ ലിനമായിരിക്കുന്നുവല്ലോ! ചെഞ്ചേല അഴിഞ്ഞുവീഴുന്നു! അക്ഷിയു ഗം അരുണമായിരിക്കുന്നു. മുഖപങ്കജം ശുഷ്കമായിരിക്കുന്നു! എന്തു പററിയാണു ഇങ്ങനെയായതു്? പറഞ്ഞില്ലെങ്കിൽ (ഞങ്ങളുടെ) ഹൃദയം തകർന്നുപോകും. ഇത്രയും ശ്രവിച്ചിട്ടു് ധന്യയായ രാധ കഥിക്കുന്നു:—

ശ്രീയദുനന്ദനൻെറ മുഖകമലത്തെ (ഞാൻ) ആശിക്കുന്നു.

ഗാനം പിന്നെയും നടക്കുന്നു, ശ്രീമതി വേണുഗാനം കേട്ടു് ഭ്രാന്തചിത്തയായിത്തീർന്നിരിക്കുന്നു. തോഴിമാരോടു ശ്രീമതി പറ യുകയാണു്:-

പാട്ടു്:—

കദംബേർ വനേ, ഥാകേകോൻജനേ, കേമനേശബ്ദആസി
ഏകി ആചിമ്പിതേ, ശ്രവണേർ പഥേ, മരമേരഹൽപശി
സാന്ധായേമരമേ, ഘുചായാധരമേ, കരീൽ പാഗലി പാരാ
ചിതസ്ഥിരനഹേ, ശോയാസ്വാരഹേ, നയനേരഹയേധാരാ.
കിജാനികേമൻ, സേഇകോൻജൻ, ഏമൻ ശബദകരേ.
നാദേഖിതാഹാരേ, ഹൃദയവിദരേ, രഹിതേനാപാരി ഘരേ.
പരാൺ നാധരേ, കൻകൻകരേ, രഹേദരൽൻ ആസേ.
ജബഹ്ഹും ദേഖിവേ, പരാൺപാഇവേ, കഹയേഉദ്ധവദാസേ.

അൎത്ഥം:- കദംബകാനനത്തിൽ ഒരാൾ ഇരുന്നുവല്ലൊ, എങ്ങനെയിരുന്നു ശബ്ദം? അതു ശ്രവണപഥത്തിൽ ഹഠാൽ വന്ന് മൎമ്മത്തെ സ്പൎശിക്കുന്നതെന്താണ്? മൎമ്മത്തിൽ തറച്ച് ധൎമ്മത്തെ ശിഥിലമാക്കുന്നു, ഭ്രാന്തിയെപ്പോലെയാക്കിത്തീൎക്കുന്നു. മനസ്സു സ്ഥിരമായി നില്ക്കുന്നില്ല. ശ്വാസരോധം സംഭവിക്കുന്നു. കണ്ണുകൾ ധാര വൎഷിക്കുന്നു. എങ്ങനെയാണറിവാൻ കഴിയുക? ആയാൾ ആരാണ്, ഈ വിധം ശബ്ദം പുറപ്പെടുവിക്കുന്നതു്? അദ്ദേഹത്തെ ക്കാണായ്കയാൽ ഹൃദയം തകരുന്നു, വീട്ടിലിരിപ്പാൻ കഴിയുന്നില്ല. പ്രാണനെപ്പിടിപ്പാൻ കഴിയുന്നില്ല, തുടിക്കുന്നു. ദൎശനം ലഭിക്കണമെന്ന അഭിലാഷത്തിലാണ് പ്രാണൻ നില്ക്കുന്നതു്. എപ്പോൾ (അദ്ദേഹത്തെ) ക്കാണുമോ അപ്പോഴേ പ്രാണനും ലഭിക്കൂ-എന്നു് ഉദ്ധവദാസൻ (കവി) പറയുന്നു.

ശ്രീമതി ദൎശനത്തിനായി വ്യാകുലയായിരിക്കുന്നു. ശ്രീമതി പറയുന്ന ഭാഗം:—

പാട്ടു്:—

പഹിലേ ശുനിനു അപരൂപധ്വനി കദംബകാനനഹഇതേ.
താർ പരദിനേ ഭാടേർ വൎണ്ണനേ ശുനിചമകിത ചിതേ
ആർ ഏക ദിൻ, മോർ പ്രാണസഖീകഹിലേ യാഹാർനാമ
(ആഹാ സകല മാധുൎയ്യമയ കൃഷ്ണനാമ)
ഗുണിഗണഗാനേ, ശുനിനുശ്രവണേ, താഹാർ ഏഗുണഗ്രാമ.
സഹജേഅബലാ, താഹേ കുലബാലാ, ഗുരുജനജ്വാലാഘരേ.
സേഹേന നാഗരേ, ആരതിബാഢയേ, കേമൻ പരാണധരേ,
ഭാവിയാ ചിന്തിയാ മനേ ദഢാഇനു പരാണരഹിവാർനയ
കഹത ഉപായ, കൈഛേ മിലയേ, ദാസഉദ്ധവേ കയ.

അൎത്ഥം:—

പ്രഥമമായി കദംബവനത്തിൽ നിന്നും മനോഹര ധ്വനി കേട്ടു. അതിനടുത്ത ദിവസം നമ്മുടെ ബ്രാഹ്മണശ്രേഷ്ഠന്റെ വൎണ്ണനയെ പുളകിതചിത്തയായി ശ്രവിച്ചു. പിന്നൊരു ദിവസം എന്റെ പ്രിയതോഴി യാതൊരുവന്റെ നാമത്തെ കഥിച്ചു. (ഹാ! മാധുൎയ്യ സാരസൎവ്വമായ ശ്രീകൃഷ്ണൻ എന്ന നാമം) അദ്ദേഹത്തിന്റെ ഗുണഗണങ്ങളെ മഹാന്മാർ ഗാനം ചെയ്യുന്നുവെന്നും ഞാൻ കേട്ടിരിക്കുന്നു. ഞാനാകട്ടെ വെറും അബല—അതിലും കുലവധു, വീട്ടിലൊ ഗുരുജനങ്ങളുടെ ബാധ. അദ്ദേഹം നാഗരികൻ എന്നു കാണുന്നു. എന്റെ ആൎത്തിയെ വൎദ്ധിപ്പിക്കുന്നു. ഞാൻ എങ്ങിനെ പ്രാണൻ വെച്ചുകൊണ്ടിരിക്കും. ഓൎത്തു ആലോചിച്ച് ഞാൻ മനസ്സിൽ തീൎച്ചചെയ്തിരിക്കുന്നു—ഈ പ്രാണൻഇ

രിക്കാനുള്ളതല്ല. എങ്ങനെ അദ്ദേഹത്തെ ലഭിക്കും! വഴിയെന്ത്?—ഇപ്രകാരം ഉദ്ധവദാസൻ (കവി) കഥിക്കുന്നു. "ആഹാ! സകല മാധുര്യമയ കൃഷ്ണനാമ" ഈ ഭാഗം കേട്ട ഭഗവാൻ ഇരിപ്പാൻ കഴിഞ്ഞില്ല. സമ്പൂർണ്ണ ബാഹ്യബോധശൂന്യനായി നില്ക്കുന്നു. സമാധിസ്ഥൻ! വലത്തുവശം കൊച്ചു നരൻ നില്ക്കുന്നു. അല്പം ബോധമുണ്ടായപ്പോൾ മധുരസ്വരത്തിൽ "കൃഷ്ണ! കൃഷ്ണ" എന്നു ബാഷ്പപൂർണ്ണനേത്രനായി പറയുന്നു. കുറെ കഴിഞ്ഞു് വീണ്ടും ഇരിപ്പ് സ്വീകരിച്ചു.

പാട്ട പിന്നെയും ആരംഭിച്ചു. ഭാഗം താഴെ പറയുന്നു. ശ്രീമതിയുടെ സഖിയായ വിശാഖ ഓടിച്ചെന്നു ഒരു ചിത്രപടം എടുത്തുകൊണ്ടു ശ്രീമതിയുടെ മുന്നിൽ വന്നു. ചിത്രത്തിൽ ആ ഭുവനമോഹനമായ ശ്രീകൃഷ്ണരൂപം വരച്ചിരിക്കുന്നു. ശ്രീമതി ചിത്രം കണ്ടിട്ട പറകയാണു്—ഈ പടത്തിൽക്കാണുന്നയാളിനെ യമുനാതടത്തിൽ എന്നു കണ്ടുവൊ, അന്നുതൊട്ടു് ഞാൻ ഈയവസ്ഥയിലായിരിക്കുന്നു.

പാട്ട്:—

| | |
|---|---|
| യേദേഖേഛിയമുനാതടേ | സേഇദേഖിഏഇചിത്രപടേ |
| യാർനാമകഹിൽവിശാഖാ | സേഇഏഇപടേആഛേലേഖാ |
| യാഹാർമുരളീധ്വനി | സേഇവടെഏഇരസികമണി |
| ആധമുഖേയാർഗുണഗാഥാ | ദൂതിമുഖേശുനിയാർകഥാ |
| ഏഇമോർഹരിയാഛേപ്രാണ | ഇഹാവിനേകേഹനഹേജാൻ |
| ഏതകഹിമൂരഛ്ളിപഡയേ | സഖീഗണധരിയാതുലിയേ |
| പുന:കഹേപാഇയാചേതനേ | കിദേഖിനുദേഖാഓസേജനേ |
| സഖീഗണകരയേആശ്വാസ | ഭണേഘനശ്യാമദാസ്. |

അത്ഥം:—

യമുനാതടത്തിൽ യാതൊരാളിനെക്കണ്ടുവോഅദ്ദേഹം തന്നെയാണു് ഈ ചിത്രത്തിൽ കാണുന്നതു്. വിശാഖ യാതൊരാളിന്റെ നാമം കഥിച്ചുവോ അദ്ദേഹത്തെത്തന്നെയാണു് ഈ പടത്തിൽ വരച്ചിരിക്കുന്നതു്. മുരളീധ്വനി യാതൊരാളുടെയായിരുന്നുവോ അദ്ദേഹം തന്നെയാണു് ഈ രസിക ശിരോമണി, ഞാൻ ദൂതിമുഖത്തു നിന്നും യാതൊരാളുടെ ഗുണഗാനത്തെ ശ്രവിച്ചു. യാതൊരുവന്റെ കഥ ഈ എന്റെ പ്രാണനെയപഹരിച്ചിരിക്കുന്നു. ഇതല്ലാതെ മറെറാന്നും എനിക്കറിഞ്ഞുകൂടാ—ഇത്രയും പറഞ്ഞു് ബോധം കെട്ടുവീണു സഖികൾ താങ്ങിയെടുത്തു. ബോധം വന്നപ്പോൾ വീണ്ടും പറയുകയാണു്— "അദ്ദേഹത്തെക്കാണിച്ചുതരാമൊ?" എന്നു്. സഖികൾ ആശ്വസിപ്പിച്ചു. ഇപ്രകാരം ഘനശ്യാമദാസൻ (കവി) പറയുന്നു.

ഭഗവാനും നരേന്ദ്രൻ തുടങ്ങിയുള്ളവരും ഉച്ചകീർത്തനം ചെയ്യുന്നു.

പാട്ട്:—

യാദേർഹരിബൽതേ നയനതധരേ
തരാതാരാ ദുഭാഇ ഏഷേഛേരേ
താരാതാരാ ദുഭാഇ ഏഷേഛേരേ
(യാരാആപനികേന്ദേജഗത്കാന്ദായ്)
(യാരാമാരഖേയേപ്രേമയാചേ)
(യാരാവ്രജേർകാനാഇബലാഇ)
(യാരാവ്രജേർമാഖനചോര)
(യാരാജാതിർ വിചാരനാഹികരെ)
(യാരാ ആപാമരേ കോലദേയ)
(യാരാ ആപനിമേതേ ജഗത്മാതായ)
(യാരാഹരിഹയേഹരിബലേ)
(യാരാ ജഗാഇമാധാഇ ഉദ്ധ:രിൽ)
(യാരാആപനപരനാഹിവാചേ)
ജീവതരാതേതാരാദുഭാഇഏഷേഛേരേ
(നിതാഇഗൌര)

അർത്ഥം:

യാവർ ഹരിയെന്നുരച്ചാൽ നേത്രം വർഷിക്കുമൊ ആ രണ്ടു സോദരന്മാരും ഇതാ വന്നിരിക്കുന്നു; സ്വയം കരഞ്ഞു ജഗത്തിനെ കരയിക്കുന്നവർ; അടിയുംകൊണ്ടു് ഭക്തിയെ യാചിക്കുന്നവർ അമ്പാടിയിലെ കണ്ണനും ബലരാമനും ആയുള്ളവർ; അമ്പാടിയിലെ നവനീത ചോരന്മാർ; ജാതിവിചാരമില്ലാത്തവർ: പാമരപക്ഷ ന്തം ഉത്സംഗം നല്കുന്നവർ; സ്വയം ഉന്മത്തരായി ജഗത്തിനെ ഉന്മത്തമാക്കുന്നവർ; ഹരിയായിരുന്നും കൊണ്ടു ഹരിനാമം കീർത്തിക്കുന്നവർ, ജഗാഇ മാധാഇ എന്നിവരെ ഉദ്ധരിച്ചവർ, താനെന്നും അന്യരെന്നുമുള്ള ഭേദവാചകമില്ലാത്തവർ; ഇപ്രകാരമുള്ള നിത്യാനന്ദൻ, ഗൌരാംഗൻ എന്നീ രണ്ടു സോദരന്മാരും ജീവികളെക രകയററുന്നതിനായി വന്നിരിക്കുന്നു.

ഗാനം:—നദേതൽമൽകരേ, ഗൌരപ്രേമേർഹില്ലോലേരേ,

അർത്ഥം:—നദീയയെല്ലാം ഗൌരാംഗദേവൻെറ പ്രേമത്തിരത്തല്ലാൽ ഇളകി മറിഞ്ഞു.

ഭഗവാൻ പിന്നെയുംസമാധിസ്ഥനായി. ഭാവാവേശം ശമിച്ചപ്പോൾ വീണ്ടും ആസനം സ്വീകരിച്ചു.

ശ്രീരാമകൃഷ്ണദേവൻ:—(മാസ്ററരോടു്) ഏതുവശം നോക്കിയാണു ഞാൻ ഇരുന്നതെന്നു ഓർമ്മയില്ല:

# കർമ്മം

ശ്രീഗിരിശ് ചന്ദ്രഘോഷ്.

(തുടൎച്ച.)

അവിദ്യ, വേശ്യയേപ്പോലെ ഹാവഭാവം (ശൃങ്ഗാരമോടികൾ) പ്രകാശിപ്പിക്കുന്നു. സാധാരണവേശ്യകളുടെ പിടിയിൽ നിന്നും രക്ഷ പ്രാപിക്കാം. അതിന് അവർ അധിവസിക്കുന്ന സ്ഥലങ്ങളിൽ നിന്ന് അകന്നിരുന്നാൽ മതിയാകും—ഹാവഭാവം കാണാതിരുന്നാൽ മതി—കുത്സിതരോഗത്തേ ഭയന്നു്—ലജ്ജിച്ചു്—വെറുത്തു് പലരും പരിത്യജിക്കാൻ സാധിക്കുന്നു. എന്നാൽ ഈ നടി നിങ്ങളുടെ വാസനയാണ്. രാവും പകലും യാതൊന്നിനേ ധ്യാനിക്കുന്നു, നിദ്രാസമയത്തു് ഇഷ്ടദേവതാസ്മരണം വിട്ടു് യാതൊന്നിനേ മനസ്സിൽ ധരിച്ചു് ഉറങ്ങുന്നു, ഏതൊന്നിനുവേണ്ടി ഈശ്വരൻ മോക്ഷപ്രദനായി പ്രത്യക്ഷനായാൽ ഭയന്നു് ഓടുന്നു, അതു് (ആ നടി) നിങ്ങളുടെ വാസന തന്നെ. സുന്ദരമായ വേഷം ധരിച്ചു് നിങ്ങളുടെ മുൻപിൽ നില്ക്കുന്നു. ആശ, ദൌത്യം വഹിച്ചു് എന്തെല്ലാം പറഞ്ഞു് കമ്പിക്കുന്നു, കല്പനാശക്തി എന്തെല്ലാം ഭോഗങ്ങളെ സൃഷ്ടിക്കുന്നു. അതിനെ പ്രാപിക്കുന്നതിന് സകല സൗകൎയ്യങ്ങളും വന്നുചേരുന്നു. കൈ നീട്ടിയാൽ പ്രാപിക്കാം. എന്നാൽ നടി മാറി നില്ക്കുന്നു. പിടിക്കുവാൻ ഭാവിക്കുന്നു എങ്കിലും അതു സാധിക്കുന്നില്ല. സാധിച്ചാൽ അതികുത്സിതയെന്നുകാണും. ബഹുരൂപിണിയായ നടി വീണ്ടും മററൊരു മനോഹരവേഷം ധരിച്ചു് മുമ്പിലെത്തും. വീണ്ടും നാം പിടിക്കാൻ പുറപ്പെടുന്നു. ഫലം മുമ്പിലത്തേതു തന്നെ. ഫലകാംക്ഷയെന്നതിൻെറ അൎത്ഥം—കുത്സിതയായ വേശ്യയുടെ—അവിദ്യാമായയുടെ—ഉപാസനതന്നെ. ഫലേച്ഛയോടുകൂടി സൽകൎമ്മം അനുഷ്ഠിക്കുക. ധൎമ്മം വിശ്വാസഘാതകമല്ല. ധൎമ്മം യാത്ര പറയും. ഒരിക്കൽ ധനവാഞ്ഛയോടുകൂടി സല്കൎമ്മം ചെയ്യുവെന്നു വിചാരിക്കുക. ധനം കിട്ടും. ലോകത്തിൽ ധനം തുലോം അവിദ്യാബലശാലിയാണ്. ധനം ലഭിച്ചാൽ പിന്നെ ധൎമ്മോപാസന ഇല്ല തന്നെ. ഇതു് നിത്യവും പ്രത്യക്ഷമായി കാണുന്നു. ധനമദത്താൽ പലരും ധൎമ്മത്തെ വിസ്മരിക്കുന്നു. നിങ്ങളും ആ അവസ്ഥയിൽവന്നാൽമറക്കാനെളുപ്പമുണ്ടു്. യാതൊന്നിൽ ഒരുവൻ മോഹിതനായി തീരുന്നു, അതു് അവൻെറ ജീവിതസർവസ്വമായി ഭവിക്കുന്നു. അന്യചിന്തയ്ക്കു്

സ്ഥാനമില്ല. ഇതു് ബാലനേപ്പോലും പറഞ്ഞു മനസ്സിലാക്കുന്നതിനു് യുക്തിയുടെ ആവശ്യമില്ല. ഒരു ദിവസം ശ്രീരാമകൃഷ്ണദേവൻ എന്നോടു പറഞ്ഞു "മാർവാറികൾ അദ്ദേഹത്തെ പ്രലോഭിപ്പിക്കുവാൻ വന്നു് ഇപ്രകാരം പറഞ്ഞു. രൂപാ തരാം അങ്ങു. ഒരു അന്നസത്രം ആരംഭിക്കണം. ഈ രൂപ അങ്ങേക്കുവേണ്ടി സ്വീകരിക്കണ്ടാ പിന്നെ വിരോധമെന്തു്? ഇതു കേട്ടു ശ്രീരാമകൃഷ്ണദേവൻ—പാടില്ല എന്നു മറുപടി പറഞ്ഞു ഞാൻ ബുദ്ധിമാൻ അതു കൊണ്ടു് ചോദിച്ചു, "ഭഗവൻ! ഇതിൽ എന്തു ദോഷം?" അദ്ദേഹം ഭംഗിയോടു കൂടി—യാതൊരു ഭംഗി അദ്ദേഹത്തിൽമാത്രമേ കണ്ടിട്ടുള്ളു: ആ ഭംഗി പിന്നീടു് ഒരിക്കലും കണ്ടിട്ടില്ല. കാണുകയുമില്ല. യാതൊരു ഭംഗി ഈ അനന്തമായ കാലസ്രോതസ്സിൽ ആരും ഒരിക്കലും കണ്ടിട്ടുമില്ല, —അപ്രകാരമുള്ള ഭംഗിയോടു കൂടി ശ്രീരാമകൃഷ്ണദേവൻ പറഞ്ഞു. ആമനോഹര ഭംഗി(ഇപ്പോഴും എൻെറ മനസ്സിൽ അങ്കിതമായിരിക്കുന്നു) "അതു് മനസ്സിൽ പതിയും. വീണ്ടും വരേണ്ടി (ജനിക്കേണ്ടി) വരും" യാതൊരു മഹാപുരുഷൻ ജീവന്മാരുടെ ദുഃഖത്തിൽ കാതരനായിട്ടു് അനേകമനേകം ജന്മങ്ങൾ സ്വീകരിപ്പാൻ കൃതസങ്കല്പനായിരുന്നുവോ അദ്ദേഹം സുകർമ്മഫലഭോഗത്തിനായി ദേഹം ധരിക്കുവാൻ മടിച്ചതായിക്കണ്ടു.

അദ്ദേഹം ഉപദേശിച്ച ആ ഉപദേശത്തിൻെറ മർമ്മം ഞാൻ മനസ്സിലാക്കിയിട്ടുള്ളതു പറയാം. അദ്ദേഹം ധ്യാനിക്കാൻ പറഞ്ഞു. ധ്യാനിക്കുമ്പോൾ പട്ടി, പൂച്ച, കുരങ്ങ്, വേശ്യ, ലമ്പടൻ വഞ്ചകൻ, രാക്ഷസൻ, പിശാചു് ദാനവൻ, ഇത്യാദി ഏതു മൂർത്തിയേക്കണ്ടാലും അദ്ദേഹം ഇങ്ങനെ പറയും. "ഭയപ്പെടേണ്ട. ധ്യാനത്തിൽ നിന്നു വിരമിക്കേണ്ട. ബഹുരൂപിയായ ഈശ്വരമൂർത്തിയെ കാണുകയാണെന്നു വിചാരിക്കുക: എന്നാൽ വല്ല വാസനയും വന്നാൽ ധ്യാനത്തിനു് മഹാ വിഘ്നമാണെന്നു് അറിയുക! ധ്യാനം ഭംഗം ചെയ്തു് കാതരനായി "ഭഗവാൻ! എൻെറ ഈ വാസന സാധിക്കരുതേ" എന്നു് ഈശ്വരനോടു പ്രാർത്ഥിക്കുക! ധ്യാനസ്ഥൻെറ വാസന ശീഘ്രം ഫലപ്രദമാകും. ആ ഫലം ചീത്തയാണു്. അവിദ്യയുടെ ഫലം—മനുഷ്യനെ നിരയഗാമിയാക്കുന്ന ഫലം. കുതർക്കം ഉദിച്ചു് മനസ്സിനോടു് ചോദിക്കും. ഫലേച്ഛയോടു കൂടി ഈശ്വരോപാസന ചെയ്യാൻ പാടില്ലെങ്കിൽ പിന്നെ എന്തിനാണു് അദ്ദേഹത്തെ ഉപാസിക്കുന്നതു്?. ധനം കിട്ടണം. മാനം കിട്ടണം. അന്യന്മാർ നമ്മുടെ ദാസന്മാരാകണം. ഈ ഉദ്ദേശ്യമാണെല്ലോ വേണ്ടതു്. സിദ്ധപുരുഷൻ പറയുന്നതു് ഇപ്രകാരമാണു്. സംസാരികൾക്കു് ഈശ്വരസേവകൊണ്ടു് കിട്ടണമെന്നാഗ്രഹിക്കുന്നതെല്ലാം കിട്ടുന്നുണ്ടെന്നുള്ളതു് സത്യം തന്നെ. അദ്ദേഹത്തിനു് അതു കിട്ടിയിട്ടുണ്ടോ എന്നു് അറിവാൻ പാടില്ല. അറിഞ്ഞാലും ഒരു തൃപ്തിയുമില്ല. ഒരു പരമതൃപ്തി ലഭിച്ചാൽ അതിൻെറ സ

മക്ഷത്തിൽ മറെറല്ലാം തുച്ഛം. അദ്ദേഹം ഈശ്വരസേവയിൽ ആനന്ദിക്കുന്നു. ശിശുവിനു മാതാപിതാക്കന്മാരെസേവിക്കുന്നതു തന്നെയാണ് ആനന്ദം. ശിശു, തന്റെ അച്ഛന്റെ ആഹാരസമയം ഭൃത്യൻ വന്ന് അച്ഛനെ വീശുന്നതു കാണുമ്പോൾ അവനും ആനന്ദത്തോടു കൂടി വിശറി എടുത്തു ഭൃത്യനോടു ഇർഷ്യഭാവം തോന്നി വീശാൻ ഭാവിച്ചു വിശറിദേഹത്തിൽ തട്ടി ഒരു അപൂർവ്വമായ ആനന്ദമനുഭവിക്കുന്നു. അവന്റെ പിതാവു കാററേൾക്കുന്നതിനു പകരം അടികൊണ്ടു് ആനന്ദപൂർണ്ണനാകുന്നു; ആ ശിശുവിന്റെ വത്തമാനം എല്ലാവരോടും പറഞ്ഞുകേൾപ്പിക്കുന്നു. ശിശുവിനു് അനേക വസനഭൂഷണങ്ങളും ഭോജനസാമഗ്രികളും നൾകിയാലും അവയിലൊന്നിലും ശിശുവിനു നോട്ടമില്ല. ഭോജനാനന്തരം ഭൃത്യൻ പാദസേവ ചെയ്യുമ്പോൾ പെട്ടെന്ന് അവിടെ ചെന്നു താൻ പാദസേവ ചെയ്യുന്നു. അതു സാധിക്കാഞ്ഞാൽ അവനു ക്ഷോഭം. അവൻ സേവിക്കുന്നു. പിതാവു് മന്ദഹസിക്കുന്നു. അവനും ചിരിക്കുന്നു. ആനന്ദപരിപ്ലുതനാകുന്നു. ജഗൽ പിതാവിന്റെസേവകനും അതുപോലെതന്നെ പിതാവിന്റെ സേവക്കായി കോടി കോടി ദേവദൂതന്മാർ വന്നിരിക്കുന്നു പിതാവിന്റെ സേവയ്ക്കു മററാരും ആവശ്യമില്ല എങ്കിലും സേവകൻ സേവിക്കുന്നു. ആനന്ദമയനായ പിതാവു് സന്തുഷ്ടനായി ചിരിക്കുന്നു. സേവകനും ആനന്ദത്തിൽ ചിരിക്കുന്നു. ബഹുമാനം, ഉപചാരം, ധനം ഇത്യാദി എന്തെല്ലാം ആനന്ദമയനായ പിതാവു് അവനു നൾകുന്നു. അതിലൊന്നിലും അവനു ലക്ഷ്യമില്ല. ബാലഭാവയുക്തനായ ഈശ്വരസേവകനു സേവയിൽ എന്താനന്ദമുണ്ടെന്നുള്ളതു അവനു മാത്രമേ അറിയാവൂ. ജഗൽപിതാവിന്റെ ബാലകൻ പിതൃസേവയ്ക്കായി പ്രയത്നിക്കുന്നു. ആനന്ദമയനായ പിതാവിന്റെ സേവയിൽ ആനന്ദപൂർണ്ണനായി സഞ്ചരിക്കുന്നു. തത്വജ്ഞാനിയായ ഹ്യൂം (Hume) സായ്പു പറയുന്നു" സൽക്കാൎയ്യം അത്യന്തം നല്ലതായതുകൊണ്ടു അതിന്റെ ആനന്ദം ഐഹികത്തിൽ തന്നെഅവൎണ്ണനീയമാണ്. പാദ്രിമാർ അതിന്റെ പാരമാർത്ഥികഫലം വൎണ്ണിക്കുന്നതെന്തിനെന്നു എനിക്കു മനസ്സിലാകുന്നില്ല" ഈ പ്രവൃത്തി തന്നെ ആനന്ദം. സൽക്കൎമ്മനിരതനു മാത്രമേ ഇതു മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. പാപപഥം കണ്ടകമയമാണെന്നു ഏവൎക്കും അറിയാം. എങ്കിലും ബഹുരൂപിണിയായ മായ മനസ്സിനെ ഹരിക്കുന്നു. മുഗ്ദ്ധചിത്തൻ മുള്ളിനു മുകളിൽ കൂടി ഓടുന്നു. പിശാചിനിയെന്നറിഞ്ഞാലും അങ്ങനെ പറയുന്നില്ല. മുഗ്ദ്ധചിത്തൻ വിവേകരഹിതൻ തന്നെ.

യൌവനദശയിൽ ഭോഗ്യവസ്തുക്കൾ കാണുമ്പോൾ ആശയുടെ പ്രലോഭനത്താൽ സാംസാരംസുഖകരമായി തോന്നുന്നു. മായയുടെ വൈഷമ്യം മനസ്സിലാകുന്നില്ല. സുന്ദരമായ സംസാരം മരണ

ത്തിന്റെ ക്രീഡാസ്ഥലമാണെന്നു അറിയുന്നില്ല. ക്ഷയത്തിന്റെ പേരാണല്ലൊ വൃദ്ധി. നാം പോകുന്തോറും മരണമത്ത സമീപിക്കുന്നു. സുഖം ദുഃഖത്തിന്റെ സൂചന മാത്രം. ഏതെല്ലാം വസ്തുക്കൾ എനിക്കു് ആവശ്യമെന്നു വിചാരിക്കുന്നു. അവ ധനവിനിമയത്താൽ ലഭിക്കുന്നു, എന്നാൽ ധനം കിട്ടിയാൽ അതിന്റെ മായകൊണ്ടു് ആ ധനം വിനിമയം ചെയ്വാൻ സാധിക്കുമോ ഇല്ലയൊ? ആ വസ്തുക്കൾ അനുഭവിപ്പാൻ ശക്തി ഉണ്ടോ ഇല്ലയൊ? ഭോഗശക്തി ഇരുന്നാലും അവ സുഖപ്രദങ്ങളാകുമൊ ഇല്ലയൊ എന്നുള്ള ചോദ്യങ്ങളൊന്നും തന്നെ മനസിൽ ഉണ്ടാകുന്നില്ല. ധനം മാത്രം ഏകാകാംക്ഷയായി തീരുന്നു. ഭോഗത്തിനായി--സഞ്ചയത്തിനായി--മാനത്തിനായി--എന്നല്ല--സംസാരത്തിലെ സകല പ്രയോജനങ്ങൾക്കും വേണ്ടി സർവ്വോപരി ധനം അതി പ്രിയമാണു്. അതു് ചിത്തത്തിന്റെ തമോഗുണം കൊണ്ടു് ലഘുവായ പ്രയത്നത്താൽ ആർജ്ജിക്കുവാൻ ആഗ്രഹിക്കുന്നു. ചിലർ യഥാശക്തി പരിശ്രമിക്കയും ചെയ്യുന്നു. പരിശ്രമത്തിൽ കാതരന്മാരാകാതെ നിത്യം പ്രവൃത്തിയിൽ ഏർപ്പെടുന്നു. പ്രവൃത്തിയുടെ ഗുണം എത്രമാത്രമെന്നാൽ സകാമപ്രവൃത്തിയായാലും അനേകം പാപസ്പൃഹകളിൽ നിന്നും രക്ഷ കിട്ടും. അസത്യം, പരചന്ദ്ര, അഹേതുകമായി അന്യനു് അനിഷ്ടം വരുത്താനുള്ള പ്രവൃത്തി , വഞ്ചന, മുതലായവയിൽ നിന്നും അകന്നിരിക്കും. യഥാർത്ഥ കർമ്മകുശലൻ നീതിനിഷ്ഠനല്ലെങ്കിൽ പ്രവൃത്തികൾക്കു് നല്ലഫലം ഉണ്ടാകയില്ല എന്നു് മനസ്സിലാക്കുന്നു. അതിൽ മനസ്സു പൂർണ്ണമായി സമർപ്പിക്കുന്നു. തന്റെ ലാഭത്തിനായി വഞ്ചന ചെയ്യുന്നില്ല. സകാമപ്രവൃത്തികൾക്കു ഇത്രമാത്രം ഫലമുണ്ടെങ്കിൽ നിഷ്കാമ കർമ്മത്തിനു് അമൃതം ഉണ്ടാകുമെന്നുള്ളതിനു് എന്തുസംശയമാണു്? എന്റെ പുത്രകളത്രാദികളേ വിട്ടു നിഷ്കാമകർമ്മം ചെയ്യണൊ? എന്നു് ഒരാക്ഷേപം തോന്നാം. ശ്രീരാമകൃഷ്ണദേവൻ ഉപദേശിക്കുന്നു. "ഈശ്വരന്റെ പ്രവൃത്തിയെന്നു വിചാരിച്ചു പ്രവർത്തിക്കുക" എന്നാൽ അന്യനെ സ്വന്തം പുത്രനെപ്പോലെ വിചാരിക്കാനെങ്ങിനെ സാധിക്കും? ശ്രമിക്കുക! അല്ലാതെ മററു മാർഗ്ഗമില്ല. നിങ്ങൾ നിഷ്കാമകർമ്മം ചെയ്തു് അമൃതം ലഭിച്ചാൽ നിങ്ങളുടെ പുത്രനും കുഡുംബവും നിങ്ങളുടെ ദൃഷ്ടാന്തത്താൽ നിഷ്കാമകർമ്മ നിരതരായി ആനന്ദത്തിനു് അധികാരികളും അവകാശികളുമായിത്തീരും. സകാമനായി കുടുംബത്തിനുവേണ്ടി ധനം സമ്പാദിപ്പാൻ ആഗ്രഹിക്കുന്നു, എന്നാൽ കാണുന്നില്ലേ! ലോകത്തിൽ ഏവരും ധനം വച്ചിട്ടു പോകുന്നു. യാതൊരുത്തർക്കുവേണ്ടി വയ്ക്കുന്നു, അവർ പ്രായേണ അതു് അനുഭവിക്കുന്നില്ല. വല്ല അനന്തരാവകാശിയും ധന സംരക്ഷണത്തിനു സമർത്ഥനായാൽ ആ ആൾ ബകംപോലെ ധനം ര

ക്ഷിക്കുന്നു വെന്നും നിങ്ങളും ഉത്തരവാദിത്വമുള്ള പല പ്രവൃത്തികൾ ചെയ്യുന്നു വെന്നും കാണാം. ഭാര്യയ്ക്കുവേണ്ടി ധനം സൂക്ഷിച്ചു വയ്ക്കുന്നു. ചിലർ പൂർവ്വികന്മാരുടെ ആവാസത്തേ വ്യഭിചാരത്തിനു വിഹാരരംഗമാക്കുന്നു. പുത്രനു ധനം സമ്പാദിച്ചു് കൊടുത്ത് അവനെ ലമ്പടനും പരോപദ്രവിയും ഹിംസകനുമാക്കുന്നു. അർത്ഥദാനത്താൽ കുകർമ്മികളായ അനന്തരാവകാശികളെ പ്രായേണ കാണാം. എന്നാൽ ഏതൊരു മഹാത്മാവു് തന്റെ സന്താനത്തിനു് നിഷ്കാമകർമ്മമെന്ന സ്വത്തു് സൂക്ഷിച്ചുവയ്ക്കുന്നു. അദ്ദേഹത്തിനു് തന്റെ ഹിതം അനന്തരാവകാശിയുടെ ഹിതം —ലോകഹിതം— സാധിക്കുന്നതിനു് സമർത്ഥനാകുന്നു. അദ്ദേഹമത്രെ യഥാർത്ഥ മനുഷ്യൻ. മൃഗത്തിൽ വ്യത്യസ്തമായ യഥാർത്ഥമനുഷ്യത്വം ലഭിച്ചിട്ടുള്ള ആൾ അദ്ദേഹമല്ലാതെ മററാരുമല്ല. സ്വാർത്ഥം കൊണ്ടും മൃഗീയമല്ലാതെ മറെറാന്നും ചെയ്യാൻ സാധിക്കയില്ല. മനുഷ്യനെന്നു് അഭിമാനിക്കുവാൻ ഇച്ഛിക്കുന്നവൻ—മനുഷ്യത്വം ആഗ്രഹിക്കുന്നവൻ നിഷ്കാമകർമ്മത്തെ ആദരിക്കണം.

ഉപസംഹാരമായി ഞാൻ ഭക്തന്മാരുടെ ചരണങ്ങളിൽ പ്രാർത്ഥിക്കുന്നതു് പ്രവൃത്തിയിൽമാത്രം എനിക്കു് അധികാരമിരിക്കണം. എന്നാൽ ഫലാഫലങ്ങളെ ഈശ്വരനിൽ സമർപ്പിക്കുവാൻ സാധിക്കണം. ഞാൻ എത്രതന്നെ നിഷ്കാമനാകാൻ ശ്രമിച്ചാലും എന്റെ കലുഷിതമായ മനസ്സു് വളരെ നല്ലതായ പ്രവൃത്തിയേയും ദോഷസമ്മിശ്രമാക്കുന്നുവെന്നു് ഞാൻ നിശ്ചയമായി അറിഞ്ഞിരിക്കുന്നു. ഫലം എന്റെ അധീനത്തിലുമല്ലതന്നെ. നല്ല ഫലം സിദ്ധിക്കുമെന്നു് ആലോചിച്ചു പ്രവൃത്തിചെയ്യാൻ പുറപ്പെട്ടു് എത്ര അന്യായഫലങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളതു വർണ്ണിക്കാൻ സാദ്ധ്യമല്ല. മോഷ്ടാവു് പരഗൃഹത്തിൽ മോഷണം ചെയ്യാൻ പോകുമ്പോൾ അവനേ എന്റെ ജീവൻ തൃണമാക്കി ഞാൻ പിടിക്കുന്നു. ജയിലിലാക്കുന്നു. ഇതുകൊണ്ടു് അവന്റെ കുടുംബത്തെ അനാഥമാക്കുന്നു. ദയകൊണ്ടു് ഒരാൾക്കു് ജോലികൊടുത്തു് തന്മൂലം കർമ്മക്ഷമന്മാരായ അനേകമാളുകൾക്കു് തൊഴിൽ കിട്ടാതെയാക്കുന്നു. നിഷ്കാമകർമ്മം ചെയ്യാൻ ശ്രമിക്കുമ്പോൾ അതിനു സമർത്ഥനാകുന്നില്ല മനസ്സു് കലുഷിതം, നിഷ്കാമകർമ്മമെന്നു നാവുകൊണ്ടു പറയാം, എന്നാൽ ഈശ്വരൻ ദേഹം ധരിച്ചാൽ അദ്ദേഹത്തിനു മാത്രമേ നിഷ്കാമകർമ്മംചെയ്യാൻ സാധിക്കൂ എന്നു കാണുന്നു. അതുകൊണ്ടു് പ്രവൃത്തിയുടെ ഫലം ഈശ്വരനിൽ സമർപ്പിക്കുവാൻ സാധിക്കണേ! അത്യന്തം പ്രയാസമുള്ള കർമ്മം ചെയ്താലും കർമ്മി എന്ന അഹങ്കാരം എനിക്കുണ്ടാകാതിരിക്കണമേ! ഇന്ദ്രൻ, അഗ്നി വായു മുതലായ ദേവന്മാർ കർമ്മഗരിമ (കർമ്മി എന്ന ഭാവം) വച്ചുകൊണ്ടിരുന്നിട്ടുള്ളതായി ശാസ്ത്രങ്ങളിൽ കാണുന്നു. എന്നാൽ, ഒരു തൃണത്തിന്റെ മേ

ലും അവക്കധികാരമില്ലെന്നു് ഭഗവാൻ കാണിച്ചുകൊട്ടുന്നു. ഒരു കാര്യത്തിലും ആക്കും അധികാരമില്ലെന്നുള്ളതു സത്യംതന്നെ. അവരവരുടെ ജീവിതത്തെക്കുറിച്ചാലോചിച്ചാൽ അതു് ഏവക്കും പ്രതിബോദ്ധ്യമാകുന്നതാണു്. "ഞാൻ കത്താവല്ല. എൻെറ ഇച്ഛയനുസരിച്ചു യാതൊന്നും നടക്കുന്നില്ല" എന്നുള്ള വാസ്തവം സ്ഥിരചിത്തനായി അല്പം ആലോചിച്ചാൽ അറിയാവുന്നതാണു്. ഈശ്വരൻ എനിക്കു് പ്രവൃത്തിക്കു് അധികാരം നൾകണം. എന്നാൽ, ഫലാഫലങ്ങളും കർത്തൃഗരിമയും അദ്ദേഹത്തിൻേറതു്. "എൻേറതു്" എന്നു് സ്വപ്നത്തിൽപോലും കരുതാൻ ഇടയാകരുതു്.

# ഒരു ശിഷ്യൻെറ ഡയറി.

(തുടച്ച്)

൧൯൧൩-മേമാസത്തിൽ ഒടുവിലത്തെ ആഴ്ച.

ബെലൂർമഠത്തിലെ അഭ്യാഗതശാലയിൽ ഇരുന്നു് ഒരു സന്ന്യാസി ശ്രീരാമകൃഷ്ണകഥാമൃതം (തിരുവാമൊഴി) വായിച്ചുകൊണ്ടിരിക്കയായിരുന്നു. അതിനിടയ്ക്കു ശ്രീമൽ പ്രേമാനന്ദസ്വാമികൾ കേദാരനാഥ ചട്ടേർജിയെപ്പററി പറഞ്ഞു.

"മുമ്പ് അയാൾ ലാഹോറിലായിരുന്നു താമസിച്ചിരുന്നതു്. അയാൾ അന്നു് ഒരു ബ്രഹ്മസമാജക്കാരനുമായിരുന്നു. അയാൾക്കു് ഈശ്വരങ്കൽ അഗാധഭക്തിയുണ്ടായിരുന്നു. ഈശ്വരസാക്ഷാൽക്കാരം ലഭിച്ചില്ലല്ലൊ എന്ന ചിന്ത ഒരു ദിവസം അയാളെ വല്ലാതെ അസഹ്യപ്പെടുത്തി. ഒടുവിൽ താഴെ ചാടി ആത്മഹത്യചെയ്യുന്നതിന്നു് അയാൾ ഒരു കുന്നിൻെറ മുകളിൽ കയറി. അപ്പോൾ പശുമേയ്ക്കുന്ന ഒരു ഗോപബാലൻ അതുകണ്ടു്, "നിങ്ങൾ എന്താണു ചെയ്യാൻപോകുന്നതു്" എന്നു വിളിച്ചുചോദിച്ചു. ഇങ്ങിനെ വിചാരിച്ച കാര്യത്തിനു മുടക്കം വന്നപ്പോൾ അയാൾ ആ ഗോപനോട്, "എനിയ്ക്കു് ഈശ്വരസാക്ഷാൽക്കാരം സിദ്ധിയ്ക്കുമോ?" എന്നു ചോദിച്ചു. "തീച്ചയായും ലഭിയ്ക്കും" എന്നായിരുന്നു ആ ബാലൻ അതിനു പറഞ്ഞ മറുപടി. ഇതു് ഈശ്വരൻെറ വാക്കുതന്നെയാണെന്നു തീച്ചപ്പെടുത്തി കേദാരൻ ആശ്വസിച്ചു. ഏതാനും ദിവസം കഴിഞ്ഞു് അയാൾ ബംഗാളിലേക്കു മടങ്ങി.

കൽക്കട്ടയിലേക്കു വരുംവഴി അയാൾ ബാലി എന്ന സ്ഥലത്തിറങ്ങി. ഏതൊ അദൃശ്യശക്തിയാൽ ആകർഷിക്കപ്പെട്ടവനെ

ന്നപോലെ അയാൾ ദക്ഷിണേശ്വരത്തു വന്നു ശ്രീരാമകൃഷ്ണദേവനെ കണ്ടു......"

പുസ്തകം വായിച്ചുകൊണ്ടിരുന്നയാൾ:—"ചൈതന്യദേവനും റായിരാമാനന്ദനും തമ്മിൽ കണ്ടെത്തിയതിനെപ്പററി രണ്ടു പക്ഷമുണ്ടല്ലോ"

പ്രേമാനന്ദസ്വാമി:—"നീ കണ്ടതൊക്കെ വിശ്വസിക്കുന്നതെന്തിനു്? പ്രാമാണ്യതയുള്ള ഗ്രന്ഥങ്ങളിൽ പറയുന്നതുമാത്രം വിശ്വസിയ്ക്കുക......വലിയ മനോബലം നിങ്ങൾക്കു് ആവശ്യമാണു്."

പിന്നീടു സ്വാമികൾ ഒരു പാട്ടുപാടി. അതിന്റെ അർത്ഥം ഇപ്രകാരമാണു്:—

"അമ്മെ! ഞാൻ അവിടുത്തെ തിരുനാമം ഉച്ചരിച്ചുകൊണ്ടു മാത്രം മരിക്കയാണെങ്കിലും അവിടുത്തെ അസഹായനായ ഈ കുട്ടിയെ അമ്മ രക്ഷിക്കണെ"

"പശുവിനെ കൊന്നിട്ടുണ്ടെങ്കിൽ അതും ഞാൻ വകവയ്ക്കുന്നില്ല. സ്ത്രീകളെ കൊന്നും മദ്യപാനം ചെയ്തും പാപം സമ്പാദിച്ചിട്ടുണ്ടെങ്കിൽ അതും സാരമില്ല."

"ഈ മഹാപാപങ്ങളെല്ലാം ഞാൻ ചെയ്തിട്ടുണ്ടെങ്കിലും അമ്മേ! അവിടുത്തെ തിരുനാമംമാത്രം നാവിൽ ഉറപ്പിച്ചുകൊണ്ടു മരിച്ചു് തീർച്ചയായും എനിക്കു ബ്രഹ്മത്വം പ്രാപിക്കാം"

സ്വാമികൾ തുടൎന്നുപറഞ്ഞു:—"ഇപ്പോൾ പാപംചെയ്തശേഷം അന്ത്യസമയത്തു അമ്മയുടെ നാമത്തിൽ അഭയം പ്രാപിക്കണമെന്നു് ഇതിൽനിന്നു നിങ്ങൾ അർത്ഥമാക്കരുതു്. ഇപ്പോൾതന്നെ അമ്മയുടെ തിരുനാമത്തെ ഭക്തിശ്രദ്ധകളോടുകൂടി ബലമായി മനസ്സുവെച്ചു ജപിച്ചില്ലെങ്കിൽ മരണസമയത്തു നിങ്ങൾക്കു് അതു് ഓൎക്കാൻകൂടി സാധിക്കയില്ല.

"ശ്രീരാമകൃഷ്ണദേവന്റെ ഉപദേശസാരമെല്ലാം, മനുഷ്യർ അഹന്തയും ഡംഭും ഉപേക്ഷിയ്ക്കണമെന്നാണു്. സ്വല്പം ധ്യാനിച്ചതുകൊണ്ടൊന്നും പോരാ. അങ്ങനെയുള്ള ഇഴഞ്ഞ മമട്ടൊന്നുംകൊണ്ടു് ഈശ്വരസാക്ഷാൽക്കാരം സാദ്ധ്യമല്ല. അഗാധമായ ആസക്തി വേണം. അവിശ്രാന്തിവേണം.,,

"ഭഗവാൻ തന്റെ മായകൊണ്ടു് നമ്മെയെല്ലാം മൂടിയിരിക്കുന്നതെപ്രകാരമൊ അതുപോലെ മായയെ ഭേദിയ്ക്കേണ്ടരീതി നമ്മെ പഠിപ്പിയ്ക്കുന്നതിനു് അദ്ദേഹം കൃപാപൂർവ്വം അവതരിച്ചു സാധനകൾ അഭ്യസിച്ചുകാട്ടികൊടുക്കുകയും ചെയ്യുന്നു. അദ്ദേഹംതന്നെ നമ്മുടെ മായാസൃഷ്ടികളെ ഭേദിക്കയും ചെയ്യുന്നു. ഒരാൾ അയാളുടെ പുത്രന്മാരുമൊരുമിച്ചു് ഒരിയ്ക്കൽ ഒരുദ്യാനത്തിൽ പോയി. ക

ട്ടികം അങ്ങുമിങ്ങും കളിച്ചുനടന്നു. ചിലർ പൂക്കളിറുത്തു. മററുചിലർ കരിയ്ക്കിട്ടുതിന്നു. എന്നാൽ അതിൽ ഒരുവൻ അവിടെയുണ്ടായിരുന്ന കുളത്തിൽ ചൂണ്ടയിടാൻ പോയി. വൈകുന്നേരമായപ്പോൾ അച്ഛൻ കുട്ടികളെയെല്ലാം തൻെറ അടുക്കലേക്കു വിളിച്ചു. ചൂണ്ടയിട്ടുകൊണ്ടിരുന്ന കുട്ടിയൊഴിച്ചു മററെല്ലാവരും ഓടിച്ചെന്നു. അഛൻ ആ കുട്ടിയ്ക്കു പല പ്രാവശ്യം ആളയച്ചു. ചെന്നില്ല. അവൻ ചൂണ്ടയിടുന്ന കാര്യത്തിൽ അത്രമാത്രം മുഴുകിയിരുന്നു. നേരം വളരെ വൈകിയപ്പോൾ അച്ഛൻതന്നെ അവൻെറ അടുത്തുചെന്നു ചൂണ്ട പിടിച്ചുപറിച്ചു തച്ചിയൊടിച്ചശേഷം കുട്ടിയെ വലിച്ചെടുത്തു വണ്ടിയിലിട്ടു. അതുപോലെ ജഗന്നാഥനായ ഭഗവാനും കൂടക്കൂടെ വന്നു നമ്മുടെ കളിക്കോപ്പുകളെല്ലാം തച്ചിത്തകർത്തിട്ടു നമ്മെ തൻെറ അടുക്കലേക്കു വലിച്ചെടുക്കുന്നു.,,

൧൯൧൯ മേ: മാസം ൨൧.

ശിഷ്യൻ ശ്രീമത് ബ്രഹ്മാനന്ദസ്വാമികളുടെ സംഭാഷണം കേട്ടുകൊണ്ടു ബെലൂർമഠത്തിൽ ഇരിയ്ക്കുന്നു. സ്വാമികൾ പറയുന്നു. "ഓ; ഭഗവാനുണ്ടായിരുന്ന സത്യനിഷ്ഠ എത്ര അപാരം! ഇത്രമാത്രമെ ഞാൻ ഭക്ഷിയ്ക്കുയുള്ളു. എന്ന് അദ്ദേഹം ഒരിയ്ക്കൽ പറഞ്ഞുപോയെങ്കിൽ പിന്നെ എത്ര വിശന്നാൽകൂടിയും അദ്ദേഹത്തിന് ഒന്നുതന്നേ ഭക്ഷിയ്ക്കാൻ കഴിയുമായിരുന്നില്ല. യദുമല്ലികൻെറ വീട്ടിൽ ചെല്ലാമെന്ന് അദ്ദേഹം ഒരുദിവസം പറഞ്ഞു. എന്നാൽ പിന്നീടു മറന്നുപോയി. ഞാനും അക്കാര്യം അദ്ദേഹത്തിനെ ഓർമ്മപ്പെടുത്തിയില്ല. രാത്രി അത്താഴമൂണു കഴിഞ്ഞു് അദ്ദേഹം അക്കാര്യമോർത്തു. അപ്പോൾ നേരം അസമയമായി. എന്നിട്ടും അദ്ദേഹത്തിനു പോകാതെ നിവൃത്തിയുണ്ടായിരുന്നില്ല. വിളക്ക് എടുത്തു ഞാനും അദ്ദേഹത്തോടൊരുമിച്ചുപോയി. യദുമല്ലികൻെറ വീട്ടിൽ ചെന്നപ്പോഴെക്ക് അവിടെയുള്ളവരെല്ലാം ഉറങ്ങി, വാതിലും അടച്ചിരുന്നു. ഭഗവാൻ പിന്നീടു സംഭാഷണശാലയുടെ വാതിൽ തള്ളി കുറച്ചു തുറന്ന് ഒരു കാലുമറിയ്ക്കുകത്തുവച്ചിട്ടു മടങ്ങിപോരികയുമുണ്ടായി.

"ഒരുവൻെറ മുഖത്ത് ഒന്നുസൂക്ഷിച്ചു നോക്കിയാൽ അദ്ദേഹത്തിന് അയാളുടെ ഉള്ളിലുള്ളതെല്ലാം, ഒരു കണ്ണാടി ജന്നലിൽകൂടി നോക്കിയാലെന്നപോലെ, കാണാൻ കഴിയുമായിരുന്നു. പുത്തനായി ആരെങ്കിലും വന്നാൽ ഉടൻതന്നെ ഭഗവാൻ അയാളെ കേശാദിപാദം ഒന്നു നോക്കുകയും അങ്ങിനെ അയാളുടെ സകലതും മനസ്സിലാക്കുകയും ചെയ്യുമായിരുന്നു. പിന്നീടേ അയാളുടെ ചോദ്യങ്ങൾക്കുത്തരം പറയുമായിരുന്നുള്ളു.

"മഹാസിദ്ധന്മാർക്കുപോലും ചിലപ്പോൾ അഹന്ത ഉപേക്ഷി

യ്യാൻ സാധിയ്ക്കുന്നില്ല. കാശിയിലെ ഭാസ്കരാനന്ദസ്വാമിപോലും തന്റെ പടം എന്നെ ചൂണ്ടിക്കാണിച്ചിട്ട് നോക്കു! എന്റെ പടം ആളുകൾ കൊണ്ടുനടന്നു വില്ക്കുന്നത് എന്നു പറയുകയുണ്ടായി. എന്നാൽ ശ്രീരാമകൃഷ്ണഗുരുദേവനോ അദ്ദേഹത്തെപ്പററി കേശവസേനൻ തന്റെ പത്രികയിൽ എഴുതിയപ്പോൾ അങ്ങിനെയൊന്നും എഴുതരുതെന്നു തടുത്തു.

"ഒരുദിവസം ഒരു വേശ്യാപുത്രൻ ദക്ഷിണേശ്വരത്തുവന്നു. ഗുരുദേവൻ അപ്പോൾ തന്റെ മുറിയിൽകിടന്നുറങ്ങുകയായിരുന്നു. ആ വേശ്യാപുത്രൻ മുറിയിൽകടന്നുചെന്ന് അദ്ദേഹത്തിന്റെ പാദം സ്പർശിച്ചു. ഗുരുദേവൻ ഉടൻതന്നെ, ദേഹത്തു തീ വീണാൽ എങ്ങിനെയോ അതുപോലെഞെട്ടി എഴുന്നേററു. അനന്തരം അയാളോട്ട് നീ എന്തെല്ലാം പാപം ചെയ്തിട്ടുണ്ടെന്നു നേരെതുറന്നുപറയുക, എന്നോടു പറയാൻ മടിയുണ്ടെങ്കിൽ ഗംഗയിൽചെന്നു ഉറച്ചു തുറന്നു പറയുക: അവയിൻനിന്നു നിനക്ക് മോചനം ലഭിക്കും എന്നു പറഞ്ഞു. എന്നാൽ അയാൾ ഭാഗ്യദോഷിയായതുകൊണ്ടു് അയാൾക്ക് അതു ചെയ്യാൻ സാധിച്ചില്ല."

൧൯൧൩ മേയ് മാസം ൨൨.

രാത്രിയിൽ ശ്രീമദ് ബ്രഹ്മാനന്ദസ്വാമികളും ശ്രീരാമകൃഷ്ണദേവന്റെ ഒരു സഹോദരപുത്രനും, ഏതാനും ചില ഭക്തന്മാരും ബെലൂർ മഠത്തിലെ പ്രധാനകെട്ടിടത്തിന്റെ മുകളിലത്തെ വരാന്തയിൽ ഇരിയ്ക്കുന്നു.

ഭഗവാന്റെ സഹോദരപുത്രൻ പറഞ്ഞു:—"അന്നൊരുദിവസം ബൽഗേറിയായിലെ (ശ്രീരാമകൃഷ്ണദേവന്റെ ഒരു ഗൃഹസ്ഥഭക്തൻ) ദക്ഷിണേശ്വരത്തുവന്നു. അയാൾക്കു ഇപ്പോൾ സീൽദായിലാണുജോലി. അയാൾ രണ്ടാമതും കല്യാണം കഴിച്ചു. ധാരാളം കുട്ടികളുമുണ്ടു്. അയാൾ വലിയ ബന്ധത്തിൽപെട്ടതുപോലെ കാണപ്പെടുന്നു. അയാൾക്കു പണ്ടുണ്ടായിരുന്ന സൌന്ദര്യമെല്ലാം ഇപ്പോൾ പോയിരിയ്ക്കുന്നു."

ശ്രീമദ് ബ്രഹ്മാനന്ദസ്വാമികൾ:—"അയാളുടെ അന്നത്തെ മനസ്സ് ഹൃദയാകർഷകമായിരുന്നു ഇപ്പോഴും അയാൾക്ക് അതുണ്ടു്. ഗുരുദേവൻ തന്റെ ആളുകളെ തെരഞ്ഞെടുത്തിട്ടുള്ളതു വളരെ സൂക്ഷിച്ചാണ്. ന...ന്ന് ആത്മികമായ വലിയ ഉച്ചഭാവമുണ്ടായിരുന്നു. എന്നിട്ടും ഗുരുദേവൻ പറഞ്ഞതു് അങ്ങിനെയാണെങ്കിൽ അവന്റെ വസ്ത്രം അരയിൽനിന്ന് ഉരിഞ്ഞു വീഴാത്തതെന്ത്? എന്നാണ്. അയാൾ ബാങ്കിൽ പതിനായിരം രൂപ നിക്ഷേപമിട്ടിട്ടുണ്ടെന്നു കേട്ടപ്പോൾ ഗുരുദേവൻപറഞ്ഞു ശരി അതാണ് അതിന്റെ കാരണം. മുന്നോട്ടും പുറകോട്ടും നോക്കുന്നവൻ നഷ്ടനായിത്തീരുന്നു" എന്നു്. (തുടരും)

# ഭക്തിരഹസ്യം.

(ശ്രീമദ്വിവേകാനന്ദസ്വാമികൾ)

## അദ്ധ്യായം ൨ ഭക്തിസാധനം.

"യാപ്രീതിരവിവേകാനാം വിഷയേഷ്വനപായിനീ.
ത്വാമനുസ്മരതഃസാമേ ഹൃദയന്മാപസർപ്പതു"

അവിവേകികൾക്കു ഭംഗുരങ്ങളായ വിഷയങ്ങളിൽ യാതൊരു അനശ്വരമായ പ്രീതിയാണുള്ളതു്, അപ്രയോ ഭഗവാനെ! അങ്ങയോടുള്ള ആ വിധ പ്രീതി അങ്ങയെ അനുസ്മരിച്ചു കൊണ്ടിരിക്കുന്ന എന്റെ ഹൃദയത്തിൽ നിന്നും ഇഴകിപ്പോകാതിരിക്കണമേ. ഭക്തിയോഗത്തിന്റെ ഉത്തമ നിർവ്വചനമാണ് ഈ ശ്ലോകത്തിൽ അടങ്ങിയിരിക്കുന്നതു്. ഇന്ദ്രിയവിഷയങ്ങൾ, ധനം, വസ്ത്രം, ദാരങ്ങൾ, മിത്രങ്ങൾ, പുത്രന്മാർ, സ്വത്തുക്കൾ ഇവയേക്കാൾ ശ്രേഷ്ഠമായി മററു യാതൊന്നിനെ പററിയും അറിവില്ലാത്തവക്കു്ഇവയോടു് എത്രമാത്രം ദൃഢമായ പ്രീതിയുണ്ടെന്നു നാം കാണുന്നുണ്ടല്ലൊ. ഈ വസ്തുക്കളോടെല്ലാം അവക്കു് എത്ര കഠോരമായ ആസക്തിയാണുള്ളതു്! അതുകൊണ്ടാണു് മുന്നെഴുതിയ പ്രാർത്ഥനാപദ്യത്തിൽ ഋഷിതുല്യനായ പ്രഹ്ലാദൻ. താൻ ഭഗവാനിൽ മാത്രം ആ വിധം അനുരാഗബദ്ധനായും ആസക്തി യുക്തനായുമിരിക്കുമെന്നും പ്രതിപാദിക്കുന്നതു്. ഈശ്വരനേ ഉദ്ദേശിച്ചുള്ള ഈ അനുരാഗമാണു ഭക്തിയെന്നുപറയുന്നതു്. ഭക്തി, വ്യാപാരങ്ങളുടെ ഉച്ഛേദത്തിനു ഹേതുവല്ല. നമുക്കു ലഭിച്ചിട്ടുള്ള പ്രവൃത്തി ശക്തികൾ ഒന്നുംതന്നെ വ്യർത്ഥമല്ലെന്നും മുക്തി ലഭിക്കുന്നതിനു പ്രകൃത്യാ സരളമായ മാർഗം അവതന്നെയാണെന്നുമാണു ഭക്തിനമ്മെ അനുശാസിക്കുന്നതു്. ഭക്തി നമ്മളുടെ ഗതികളെ ഒരുവിധത്തിലും ഹനിക്കുന്നില്ലാ; അതു സ്വഭാവത്തിനു തടസ്ഥമായിതീരുന്നില്ല; പിന്നയൊ അതു സ്വഭാവത്തെ ശ്രേഷ്ഠവും സമർത്ഥവുമായ വഴിയെ തിരിക്കുന്നുവെന്നേയുള്ളൂ. വിഷയാനുഭോഗത്തിലുള്ള നമ്മുടെ ഇച്ഛ നൈസർഗികമാണു്. അങ്ങിനെയല്ലാതിരിക്കുന്നതെങ്ങിനെയാണു്! വിഷയാനുഭോഗം നമുക്കു് അത്ര പരമാർത്ഥമാണു്. ഇന്ദ്രിയ ഗ്രാഹ്യങ്ങളായ വിഷയങ്ങളേക്കാൾ ഉപരിയായ വസ്തുക്കളെ പററി യാതൊരു സത്യവും നാം അറിയുന്നില്ല. അതീന്ദ്രിയമായും ഇന്ദ്രിയ ഗ്രാഹ്യമായ ജഗത്തിനപ്പുറമായുംഏതോ ഒരു സത്യമുണ്ടെന്നു് ഒരാൾ സാക്ഷാൽകരിച്ചു കഴിയുമ്പോൾ ആ സത്യത്തോടു് അയാൾക്കു ഒരു ഉററ ആസക്തിയുണ്ടാകാൻ

കഴിയുമെന്നാണ് ഭാവം. ഈ പ്രബലമായ ആസക്തി ഇന്ദ്രിയാതീതമായ വസ്തുക്കളിലേക്ക്, അതായത് ഈശ്വരങ്കലേക്ക് ആക്കണമെന്നു മാത്രമേയുള്ളൂ. മുൻപ് വിഷയങ്ങളിൽ കാണിച്ചിരുന്ന പ്രകാരത്തിലുള്ള പ്രേമം ഈശ്വരനിലാക്കുമ്പോൾ അതു ഭക്തിയായി. ശ്രീരാമാനുജാചാര്യരുടെ മതമനുസരിച്ച് പരപ്രേമലാഭത്തിനുള്ള സാധനാപ്രണാളി താഴെ പറയുന്നു.

ആദ്യമായി വിവേകം. വിശേഷിച്ചും പാശ്ചാത്യർക്ക് ഇതൊരു അപരിചിതസംഗതിയാണ്. രാമാനുജമതപ്രകാരം ഭക്ഷ്യപദാർത്ഥങ്ങളെയും അഭക്ഷ്യപദാർത്ഥങ്ങളെയും വിവേചന ചെയ്കയെന്നാണ് ഇതിനർത്ഥം. ശരീരത്തിന്റെയും മനസ്സിന്റെയും ശക്തികളെ നിർമ്മിക്കുന്നതിനുവേണ്ട വീര്യം ആഹാരത്തിലാണല്ലൊ അടങ്ങിയിരിക്കുന്നത്. ശരീരത്തിൽ അവയെ രൂപാന്തരപ്പെടുത്തി സംരക്ഷിച്ച് പുതിയ വഴിയെ തിരിക്കുന്നു എങ്കിലും ഭക്ഷിച്ച ആഹാരവും മനസ്സും ശരീരവും തമ്മിൽ സാരമായ ഭേദം യാതൊന്നും തന്നെയില്ല. ജഡജഗത്തിൽ നാം കാണുന്നമൂർത്ത പാർത്ഥങ്ങളും പ്രാണശക്തിയും ഏതു പ്രകാരത്തിലാണോ നമ്മുടെ ശരീരവും മനസ്സുമായി തീർന്നിരിക്കുന്നത് അതേ പ്രകാരത്തിൽ ശരീരവും മനസ്സും ഭക്ഷണ സാധനങ്ങളും തമ്മിലുള്ളഭേദവും വാസ്തവമായി അഭിവ്യക്തിയിൽ മാത്രമെയുള്ളൂ. നമ്മുടെ ആഹാരത്തിലുള്ള ജഡാംശംകൊണ്ടു നമ്മുടെ ചിന്തനാസാധനമായ മനസ്സിനേയും ഈ മൂർത്ത അണുക്കളിൽ അടങ്ങിയിട്ടുള്ള ശക്തികളെ കൊണ്ടു ചിന്തയെ തന്നെയും നാം നിർമ്മിക്കുന്നു. ആ സ്ഥിതിക്കു നാം കഴിക്കുന്ന ആഹാരത്തെയനുസരിച്ച് നമ്മുടെ ചിന്തകൾക്കും ചിന്തക്കുള്ള ഉപകരണമായ മനസ്സിനും മാററം വരുത്തുവാൻ കഴിയും ചില പ്രത്യേക തരത്തിലുള്ള ഭക്ഷ്യപദാർത്ഥങ്ങൾ മനസ്സിൽ പ്രത്യേക വികാരങ്ങൾ ഉണ്ടാക്കുന്നു വെന്നു നാം നിത്യവും കാണുന്നുണ്ടല്ലൊ. വേറേ ചില ഭക്ഷണങ്ങൾ ശരീരത്തെയാണു വ്യത്യസ്തപ്പെടുത്തുന്നത്. കാലക്രമത്തിൽ മനസ്സിലും സാരമായ വിധത്തിൽ പററുന്നു വെന്നു മനസ്സിലാക്കുന്നു. നാം അനുഭവിക്കുന്ന ദുഃഖങ്ങളിൽ ഭൂരിഭാഗവും ആഹാരം നിമിത്തമായിട്ടാണെന്നുള്ള സംഗതി നാം പഠിക്കേണ്ട ഒരു വലിയ പാഠമാണ്. അതിരു കടന്നതും ദഹിക്കാത്തതുമായ ആഹാരം കഴിഞ്ഞശേഷം മനസ്സിനെ നിയമനം ചെയ്യുന്നത് എത്ര ബുദ്ധിമുട്ടാണെന്നു നിങ്ങൾ കണ്ടിരിക്കുമല്ലൊ. ആ സമയം മനസ്സ സദാധാവനം ചെയ്തുകൊണ്ടേ ഇരിക്കും. ഉത്തേജകങ്ങളായ വേറെചില ഭക്ഷ്യങ്ങളുണ്ട്. അവ കഴിച്ചാലും മനസ്സിനെ അടക്കാൻ കഴിയുന്നതല്ലെന്നറിയാൻകഴിയും. ധാരാളം മദ്യമൊ ലഹരിയുള്ള മറേറതെങ്കിലും പാനീയമൊ കഴിച്ചാൽ ഒരുവനു ചിത്തദമനം ദുഃ

സാധ്യമാണെന്നുള്ളതു വെളിവാണ്. മനസ്സ അവനു വശപ്പെടാതെ ഓടുന്നു.

ശ്രീരാമാനുജ മതമനുസരിച്ചു് ആഹാര വിഷയത്തിൽ നാംപരിഹരിക്കേണ്ട ദോഷങ്ങൾ മൂന്നാണ്. ആദ്യമായി പരിഗണിക്കേണ്ടതു് ജാതിദോഷം - അതായതു് ആഹാരവസ്തു പ്രകൃത്യാതന്നെ നിഷിദ്ധമായിട്ടുള്ള ഇനത്തിൽ ഉൾപ്പെട്ടതാണോ എന്നറിയുക. മാംസം പോലെയുള്ള ഉത്തേജകങ്ങളായ ഭക്ഷ്യങ്ങൾ എല്ലാം ത്യജിക്കണം. മാംസം സ്വതെയശുദ്ധമാണ്. മറെറാരു പ്രാണിയെ ഹിംസ ചെയ്യുങ്കിൽ മാത്രമെ നമുക്കു മാംസം കിട്ടൂ. നമുക്കു ഒരു നിമിഷനേരത്തേക്കു സുഖം തരുന്നതിനായി മറെറാരു പ്രാണി അതിൻെറ ജീവനെ ത്യജിക്കണം. അത്രയുമല്ല, നാംമററുള്ളവരെ അധമ്മികളും നീചന്മാരുമാക്കുന്നു. ഓരോ മാംസഭുക്കും തനിക്കുവേണ്ട മൃഗങ്ങളെ താൻതന്നെ ഹിംസിക്കുന്നു വെങ്കിൽ അതു കുറെ ഭേദമായിരുന്നു. അങ്ങിനെയല്ലാതെ സമുദായം ആ ജോലികൾ ഒരു പ്രത്യേകം വർഗ്ഗക്കാരെകൊണ്ടു ചെയ്യിക്കുകയും ആ കാരണത്താൽ തന്നെ ആ വർഗ്ഗത്തേ വെറുക്കുകയും ചെയ്യുന്നു. ഒരു വ്യവഹാര പഞ്ചായത്തിൽ (ജൂറി) ഒരു കശാപ്പുകാരൻ ഉൾപ്പെടാൻ പാടില്ലെന്നാണു ഇംഗ്ലണ്ടിലെ സ്ഥിതി. അവൻ സ്വതെ നിഷ്ഠുരനാണെന്നുള്ളതാണതിനു കാരണം. അവനെ നിഷ്ഠുരനാക്കുന്നതാർ? സമുദായംതന്നെ. നാം ആട്ടുമാട്ടുകളുടെ മാംസം ഭുജിച്ചില്ലെങ്കിൽ കശാപ്പുകാർ ഉണ്ടായിരിക്കയില്ല. അതികഠിനമായി ശരീരം കൊണ്ടു് അധ്വാനിക്കുന്നവക്കും ഭക്തന്മാരായിതീരണമെന്നില്ലാത്തവക്കും മാത്രമെ മാംസഭക്ഷണം അനുവദിക്കാൻ തരമുള്ളു. നിങ്ങൾ ഒരു ഭക്തനാകണമെന്നാഗ്രഹിക്കുന്നെങ്കിൽ മാംസം ത്യജിക്കണം. ശീമയുള്ളി ഉള്ളിമുതലായ ഉത്തേജകങ്ങളായ ഭക്ഷ്യങ്ങളും ദുർഗ്ഗന്ധമുള്ള സാവർക്രൗറ് * തുടങ്ങിയവയും ഭക്ഷിക്കരുതു്. (തുടരും)

# ശ്രീമാതൃദേവി

(ഒരു സേവകൻ)

ഞങ്ങൾ ചിലർ ക്രിസ്തുമസ്സവധിക്കു് മാതൃദേവിയേ ദശിക്കാനായി ജില്ലങ്ങിൽനിന്നു കൽക്കട്ടായിൽവന്നു. അവിടെ വന്നതിൻെറ അടുത്തദിവസം ഏകദേശം ൧൧ മണിക്കു് ബാഗ്ബസാറിൽ ഉദം

* ജർമ്മനിയിൽ ഉപയോഗിക്കുന്ന ഒരു തരം ചട്ണി.

ബോധന ആഫീസിലേ മാതൃഭവനത്തിൽ വച്ച് ൧൯൧൧ ഡിസംബർ ൨൮-ാംതീയതി മാതൃദേവിയുടെ ദിവ്യചരണങ്ങൾ ദർശിച്ചു. ഓരോരുത്തരായി നമസ്കരിച്ചതിൽപിന്നീട് ഞാൻ നമസ്കരിക്കുന്നതിനു മുമ്പുതന്നെ മാതൃദേവിപറഞ്ഞു വരിക! കുഞ്ഞേ! ഞാൻ നിങ്ങൾക്കുവേണ്ടിയാണ് ഇത്രനാളായി ഇരിക്കുന്നതു്. ആഹാ നിങ്ങൾ എത്രകഷ്ടപ്പെട്ടിരിക്കുന്നു. അപ്പോൾ എൻെറ പുറകിൽ നിന്നു് എന്നേക്കൂട്ടിക്കൊണ്ടുവന്നവരിൽ ഒരാൾ "നമസ്കരിക്കുക" എന്നു പറഞ്ഞു. ഞാൻ തൽക്ഷണം നമസ്കരിച്ചു പ്രണാമാനന്തരം എൻെറ കൂട്ടുകാരിൽ ഒരാൾ പറഞ്ഞു "മാതൃദേവി താനേതന്നെ ഇവനിൽ കൃപചെയ്യു" മാതൃദേവിപറഞ്ഞു "അതെന്തുകുഞ്ഞേ! അവൻ എൻെറ സന്താനമാണു്, സന്താനത്തോടും കൃപചെയ്യുവാനുണ്ടോ. മാതാവിൻെറ മനസ്സ് സന്താനങ്ങളേക്കുറിച്ചു തപിക്കുന്നതുപോലെ മററുവല്ലതുമുണ്ടോ, ഞാൻ പൂജകഴിച്ചു കഴിഞ്ഞു. ഇന്നു താമസിക്കുക! നാളെ രാവിലെ എൻെറ പൂജക്കുമുമ്പിൽ ഇവിടെ വരിക!" എൻെറ കൂട്ടുകാർ ഓരോരുത്തരായി നമസ്കരിച്ച് വെളിയിലിറങ്ങിയതിൽപിന്നീടു ഞാൻ മരപ്പാവപോലെ നമസ്കരിച്ചുഅവരേ അനുഗമിച്ചു. അടുത്തദിവസം എൻെറ സ്നേഹിതന്മാരിൽ ചിലർ എന്നേക്കൂട്ടിച്ചുകൊണ്ടു് ബാഗ്ബസാറിലേ അന്നപൂർണ്ണാഘട്ടത്തിൽ സ്നാനംചെയ്യിച്ചശേഷം ഉദ്ബോധനഭവനത്തിൽ ചെന്നുചേന്നു. മാതൃദേവി അപ്പോൾ കുളിച്ചിട്ടില്ല. ഞങ്ങളേ കണ്ടമാത്രയിൽ അമ്മ പറഞ്ഞു, "വന്നുകഴിഞ്ഞോ! നിങ്ങൾ ഭഗവാൻെറ മന്ദിരത്തിൽ നമസ്കരിച്ച് കുട്ടിയേ അവിടെ ഇരുത്തിയിട്ട് താഴെ വരിക! ഞാൻ കുളികഴിഞ്ഞുവരാം" ഇത്രയും പറഞ്ഞിട്ട് അമ്മ സ്നാനത്തിനായിപോയി. ശ്രീരാമകൃഷ്ണദേവനേ നമസ്കരിച്ചതിൽ പിന്നീടു സ്നേഹിതന്മാർ എന്നെ ഭഗവാൻെറ മന്ദിരത്തിൽ ഇരുത്തി ഓരോരുത്തരായി താഴെ ഇറങ്ങി. ഞാൻ ഏകാകിയായി ഭഗവാൻെറ മന്ദിരത്തിൽ മൌനമായിരുന്നു. വല്ലതെയെല്ലാം ചിന്തിക്കാൻ തുടങ്ങി ഇങ്ങിനെ വിചാരിച്ചു ഇത്രമനോഹരവും ശാന്തിപൂർണ്ണവുമായ സ്ഥലം ഞാൻ ഒരിക്കലും കണ്ടിട്ടില്ല, ഇതുപോലെ ഒരു സ്ഥലം ലോകത്തിലുണ്ടായിരിക്കുമെന്നും തോന്നുന്നില്ല. ഇതു സാക്ഷാൽ വൈകുണ്ഠമോ" ഇടയ്ക്കിടക്കു ശ്രീരാമകൃഷ്ണദേവൻെറ സിംഹാസനത്തിൽ ദൃഷ്ടിപതിഞ്ഞു് ഇപ്രകാരം വിചാരിച്ചു, "ഇദ്ദേഹം സാക്ഷാൽ വൈകുണ്ഠേശ്വരനോ! പതിതപാവന! ദീനബന്ധോ! ഭഗവൻ!" ഇങ്ങിനെയെല്ലാം ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ അമ്മ കുളികഴിഞ്ഞു് അവിടെ പ്രവേശിച്ചു, അമ്മയേ കണ്ടമാത്രയിൽ ഞാൻ ഒരുവിധം ബാഹ്യബോധശൂന്യമായി. അമ്മ നിശ്ശബ്ദം പൂജയ്ക്കിരുന്നു. പൂജാനന്തരം എന്നേ തൻെറ വാമപാർശ്വത്തിലിരുത്തി മന്ത്രോപദേശവും മററുചില ഉപദേശങ്ങളും നൽകി. പിന്നീടു് ദക്ഷിണകൊടുത്തശേഷം എഴുന്നേൽക്കാൻ ഭാവിച്ചപ്പോൾ

ഞാൻ പറഞ്ഞു. "അമ്മേ! ഞാൻ ഇത്ര പ്രാവശ്യവും ദിവസംരണ്ടുനേരം ജപിക്കണമോ?" ഇത്രയും പറഞ്ഞപ്പോൾ അമ്മ അല്പസമയം എന്നെനോക്കി "ഇരിക്കുക" എന്നു പറഞ്ഞു. അനന്തരം അമ്മ ധ്യാനസ്ഥയായി. അല്പനേരം ധ്യാനിച്ചതിനുശേഷം ചിരിച്ചുകൊണ്ടു "ആചമനംചെയ്യു" എന്നു പറഞ്ഞു. വീണ്ടും ആചമനം ചെയ്തു. പൂജാദികൾ കഴിഞ്ഞു വേറെ ഒരു മന്ത്രവുംനല്കി. ദക്ഷിണകഴിഞ്ഞു ഞാൻ വീണ്ടും അമ്മയോടു ചോദിച്ചു അമ്മേ ഇതെന്താണ്? നൂററിഎട്ടുപ്രാവശ്യം രണ്ടുനേരവും ജപിക്കാൻ ഭയംതോന്നുന്നു. (വീണ്ടും) ഒരു മന്ത്രവും ഹവ്യ പ്രാവശ്യം ജപിക്കേണ്ടിയിരിക്കുന്നല്ലോ? രണ്ടുമൂന്നുമന്ത്രങ്ങൾ—ഇത്രയും വാക്കുകൾ ഓർമ്മയിൽ നിൽക്കുമോ? ദിവസവും രണ്ടുപ്രാവശ്യം ജപിക്കാൻ സാധിക്കുമോ. ഞാൻ കപ്പലിലും തീവണ്ടിയിലും വഴിയിലും ഏറി സഞ്ചരിക്കുന്നു. ഇതെല്ലാം എപ്പോൾ ചെയ്യാൻ സാധിക്കും. ഗൃഹത്തിലിരിക്കുമ്പോൾ ഒരുവിധം ചെയ്യാൻ സാധിക്കുമായിരിക്കും. അമ്മ ചിരിച്ചുകൊണ്ടു പറഞ്ഞു. അതു സാധിക്കും അതിനേക്കുറിച്ചു നീ ചിന്തിക്കേണ്ട എന്തിനു ഭയപ്പെടുന്നു. എവിടെ ഇരുന്നാലും എവിടെ പോയാലും താനേതന്നെ മനസ്സിൽ ഉദിക്കും. അപ്പോൾ അവിടെ ആ അവസ്ഥയിൽതന്നെ ജപിക്കുക? എപ്പോൾ ഏതുജപം രുചിക്കുന്നുവോ, അപ്പോൾ അതുചെയ്യുക! ഒരു ഭയവുംവേണ്ട അപ്പോൾ ജഗത്താരിണിയായ അഭയയുടെ അഭയവാണികേട്ട് ഹൃദയത്തിൽ ഒരു അപൂൎവ്വമായ ആനന്ദമനുഭവിച്ചു. അത് ഈ തുഛമായ ലേഖനികൊണ്ടു വൎണ്ണിക്കുക അസാദ്ധ്യം പിന്നീടു ശ്രീരാമകൃഷ്ണദേവനേ നമസ്കരിച്ചു താഴെ എൻെറ സ്നേഹിതന്മാരുടെ മുമ്പിൽ ചെന്നമാത്രയിൽ അവർ മൃദുസ്വരത്തിൽ പറയാൻതുടങ്ങി. ഇത്രസമയം വേണ്ടിവന്നോ? താമസത്തിനു കാരണമെന്ത്? ഞാൻ മൌനമായി അവരുടെ സമീപത്തിരുന്നു. മനസ്സ് ആനന്ദത്തിൽ ആറാടി. ഏകദേശം ൨ മണിക്കൂർ കഴിഞ്ഞു പ്രസാദം സ്വീകരിച്ചശേഷം അമ്മയേ നമസ്കരിച്ച് താമസസ്ഥലത്തേക്കു മടങ്ങാൻ ഞങ്ങൾ മുകളിൽ അമ്മയുടെ അടുക്കൽപോയി. അമ്മ ചോദിച്ചു നിങ്ങൾക്ക് ഇവിടെ എത്രദിവസം താമസമുണ്ട് അപ്പോൾ ഞങ്ങളിൽ ഒരാൾ പറഞ്ഞു ഇനിയും മൂന്നുദിവസംകൂടി. ഉടൻ അമ്മ പറഞ്ഞു ആ മൂന്നു ദിവസവും നിത്യം ഒരു പ്രാവശ്യം ഇവിടെ വരിക! അനന്തരം ഓരോരുത്തരായി അമ്മയേ നമസ്കരിച്ചു. ഒടുവിൽ ഞാൻ നമസ്കരിച്ചപ്പോൾ മടിയിൽവരിക എന്നു അമ്മ പറഞ്ഞു. വാക്കുകൾ അത്യന്തം സ്നേഹപൂൎണ്ണങ്ങളും അമൃതനിഷ്യന്ദികളുമായിരുന്നതുകൊണ്ടു അമ്മയോടു യാത്രപറഞ്ഞു മടങ്ങിയപ്പോൾ ഹൃദയം പൊട്ടിപ്പോയതുപോലെ തോന്നി. വഴിയിലിറങ്ങിയപ്പോൾ അല്പനേരംകൂടി അമ്മയുടെ അടുത്ത് ഇരിക്കാനും അവരുടെ വാക്കുകൾ കേൾക്കാനും ആഗ്രഹംതോന്നി. ഈവി

ധമുള്ള ചിന്തകളോടുകൂടിയാണ് വാസസ്ഥലത്തേക്കു മടങ്ങിയതു്.

അടുത്തദിവസം (ജനുവരി ൨൯) ഏകദേശം ൯ൽ മണിയ്ക്കു് ബാഗ്ബസാർ മഠത്തിൽചെന്നു. താഴത്തെ മുറിയിൽ പൂജ്യപാദനായ ശ്രീ ശാരദാനന്ദസ്വാമിയെ ഞങ്ങൾ നമസ്കരിച്ചു അവിടെ ഇരുന്നു. അദ്ദേഹം എൻെറ സ്നേഹിതന്മാരോടും ശ്രീരാമകൃഷ്ണമിഷൻ (Life members) നേ സംബന്ധിച്ചുള്ള നിയമങ്ങൾ പറഞ്ഞു മനസ്സിലാക്കി. പിന്നീടു് ശ്രീരാമകൃഷ്ണമിഷനു് എപ്രകാരം ഉന്നതിലഭിക്കുമെന്നും അതിൽ ഞങ്ങളുടെ ഓരോരുത്തരുടേയും കൎത്തവ്യമെന്തെന്നും മററും എൻെറ സതീൎത്ഥ്യന്മാരെ പറഞ്ഞു മനസ്സിലാക്കി. അദ്ദേഹം പറഞ്ഞരീതിയിൽനിന്നു് ഈ ഒരു ചിന്തയിൽ അദ്ദേഹം നിമഗ്നനായിത്തീൎന്നിരിക്കുന്നുവെന്നുതോന്നി. വെറും ലൌകികന്മാരുടെ ചിന്തകണ്ടിട്ടുണ്ടു്. ഇപ്പോഴും കാണുന്നുമുണ്ടു്. എന്നാൽ ശാരദാനന്ദസ്വാമിയുടെ ചിന്ത അതിനേക്കാൾ എത്രമടങ്ങു് അധികമായിരുന്നുവെന്നുള്ളതിനേ കണക്കാക്കാൻ ആരെക്കൊണ്ടു സാധിക്കും. ആ സമയം ബലരാമബാബുവിൻെറ ഭവനത്തേ ഭാഗം ചെയ്തു് അതിൽ കൂടി റോഡു വെട്ടാൻപോകുന്നെന്നു കേട്ടു് അദ്ദേഹം പറഞ്ഞു "ആവശ്യപ്പെട്ടാൽ നിങ്ങളേ അറിയിക്കാം. അപ്പോൾ നിങ്ങൾ ഒരു ഹൎജി എല്ലാവരേക്കൊണ്ടും ഒപ്പിടുവിച്ചു അയച്ചുതരണം" ഇതു് അദ്ദേഹം വളരെ താല്പൎയ്യത്തോടുകൂടി പറഞ്ഞതിനാൽ എൻെറ സ്നേഹിതന്മാർ കേട്ടമാത്രയിൽ അത്യന്തം വ്യാകുലരായി അദ്ദേഹത്തിൻെറ ആജ്ഞ പാലിക്കുവാൻ കഴിയുന്നയത്ര ശ്രമിക്കാമെന്നു വാക്കുകൊടുത്തു. അപ്പോൾ ശാരദാനന്ദസ്വാമി അമ്മയേ നമസ്കരിച്ചിട്ടുവരാൻ ആജ്ഞാപിച്ചു. മുകളിൽ ചെന്നു അമ്മയേ നമസ്കരിച്ചതിൽപിന്നീടു് അവർ എൻെറ സതീൎത്ഥ്യന്മാരോടു് ഓരോരുത്തരോടും സംസാരിക്കുകയും ഇപ്പോഴും മേലിലും അവരവരുടെ ആവശ്യമനുസരിച്ചു സരളമായ ആശ്വാസവും സ്നേഹപൂൎണ്ണമായ ഉപദേശവും നൽകി അമ്മയുടെ ഈ വാക്കുകൾ കേട്ടു് ഹൃദയത്തിൽ അതിയായ ഒരു വ്യാകുലതവന്നു. അവിടെനിന്നും എഴുനേൽക്കാൻ തീരെ ഇച്ഛയില്ലാതായി. എന്നാൽ എൻെറ സ്നേഹിതന്മാർ നമസ്കരിച്ചു് യാത്ര പറഞ്ഞപ്പോൾ നിഷ്പന്ദനായി അശ്രുപൂൎണ്ണനയനങ്ങളോടുകൂടി നിശ്ശബ്ദം അമ്മയേ നമസ്കരിച്ചെഴുനീററപ്പോൾ അവർ പറഞ്ഞു എന്താകുഞ്ഞേ! ഇനിയും എത്രപ്രാവശ്യം കാണാം എന്നെല്ലാം സംസാരിക്കാം. പിന്നീടു് ശാരദാനന്ദസ്വാമിയേ കണ്ടു വന്ദിച്ചു ഭവനത്തിലേക്കു മടങ്ങി കാൎയ്യാന്തരത്താൽ അടുത്ത രണ്ടുദിവസവും എനിക്കു അമ്മയേക്കാണാൻ പോകുന്നതിനു സാധിച്ചില്ല.

൧൯൧൫ ആഗസ്റ്റു് മാസത്തിൻെറ മദ്ധ്യഘട്ടത്തിൽ രണ്ടാംപ്രാവശ്യം അമ്മയുടെ ചരണദൎശനം സാധിച്ചു. എന്തുകൊണ്ടെന്നാൽ ഗവമ്മെൻറാഫീസിൽ സ്ഥിരമല്ലാതെ വളരെനാൾ

ജോലിചെയ്യതിൽ പിന്നീട് പെട്ടെന്നു വേലപോയി. അപ്പോൾ എൻെറ സതീർത്ഥ്യന്മാരുടെ ഉപദേശത്താൽ ഞാൻ ഷില്ലങ്ങിൽനിന്നും കൽക്കത്തായിൽ ബാഗ്ബസാർ മഠത്തിൽ അമ്മയുടെ അടുക്കൽനിന്നു് അനുഗ്രഹവും ഉപദേശവും ഗ്രഹിക്കുന്നതിനായിചെന്നു. മഠത്തിൽ എത്തിയപ്പോൾ അമ്മ ജയരാമവാടിയിലാണെന്നു കേട്ടു മനസ്സിൽ അതിയായ സങ്കടം തോന്നി. ഷില്ലങ്ങിൽനിന്നും ഏകനായി കൽക്കട്ടായിൽ എത്താൻ സാധിച്ചസ്ഥിതിക്കു് ജയരാമവാടിയിൽ പോകാനെന്താണു് ഭയമെന്നു തോന്നി. ഈവിധമുള്ള വിചാരപരമ്പരകളാൽ അസ്ഥിരനായിട്ടു് ശ്രീ ശാരദാനന്ദസ്വാമിയോടും വഴിയേപ്പററിചോദിച്ചു. അപ്പോൾ അന്തസ്വാമിയും ദയാർദ്രനമായിട്ടു് സ്വാമിജി പറഞ്ഞു ഇത്ര ഉദ്വിഗ്നനായിട്ടു് കാര്യമില്ല വളരെ ദൂരത്തു നിന്നല്ലേവന്നതു്, ഇന്നു് വിശ്രമിക്കുക! നാളെ വല്ലവരേയും സൌകര്യത്തിനു കണ്ടുകിട്ടിയാൽക്കൂടെ അയയ്ക്കാം അങ്ങനെ ആയാൽ നിങ്ങൾക്കു വലിയ ബുദ്ധിമുട്ടുണ്ടാകയില്ല. വഴി വളരെ ദുർഗ്ഗമമാണു്. വിശേഷിച്ചും ഇപ്പോൾ; അല്പംകഴിഞ്ഞു് ഞാൻ താമസസ്ഥലത്തേക്കു തിരിച്ചു. അടുത്തദിവസം സ്വാമിയുടെ അടുത്തു ചെന്നപ്പോൾ അദ്ദേഹം പറഞ്ഞു വന്നോ വളരെ നന്നായി. ഞാൻ നിങ്ങളുടെ കാര്യം ഇദ്ദേഹത്തിനോടു പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ഇദ്ദേഹവും ജയരാമവാടിയിലേക്കു പോകുന്നു. നിങ്ങൾ ഇദ്ദേഹത്തോടുകൂടി പോകുക! യാതൊരു അസൌകര്യവും ഉണ്ടാകയില്ല. അപ്പോൾ വളരെ ആനന്ദംതോന്നി. ഇങ്ങനെ വിചാരിച്ചു സ്വാമിജി എനിക്കു് ഒരു കൂട്ടുകാരനേയും ഉണ്ടാക്കിതന്നല്ലോ. എന്തൊരുദയ ഞാനും കൂട്ടുകാരനും പിന്നീടു് വണ്ടിയിൽ കയറി വെള്ളവുംചെളിയും നിറഞ്ഞ ദുർഗ്ഗമമാർഗ്ഗത്തിൽക്കൂടി യാത്ര ചെയ്തു് അമ്മയുടെ ഭവനത്തിൽഎത്തി. ഞങ്ങളേക്കണ്ടമാത്രയിൽ അമ്മ പറഞ്ഞു. ഇവർ എത്രകഷ്ടപ്പെട്ടുവന്നിരിക്കുന്നു. നിങ്ങൾ ഇത്രകഷ്ടപ്പെട്ടു് എന്തിനുവന്നു. ഇന്നു ഞാൻ നിങ്ങളേപ്പററി ആലോചിച്ചുകൊണ്ടിരിക്കയായിരുന്നു. ഞങ്ങൾ ഒരു മറുപടിയും പറയാതെ വിനീതരായി നമസ്കരിച്ചു വെളിയിൽ ചെന്നിരുന്നു. അല്പംകഴിഞ്ഞു് ആഹാരം കഴിച്ചു നിദ്രചെയ്തു. പിറേറദിവസം എൻെറ കൂട്ടുകാരൻ എന്നേ അറിയിക്കാതെ അമ്മയേക്കണ്ടു യാത്രപറഞ്ഞു. എന്നോടു യാത്രപറഞ്ഞപ്പോൾ എന്നേക്കൂടി വിളിക്കാതെ തനിച്ചു അമ്മയുടെ സന്നിധിയിൽ പോയതു് എന്തെന്നു ഞാൻ ചോദിച്ചു. അതിനു് അദ്ദേഹം പറഞ്ഞ മറുപടി എന്തു ചെയ്യാം ഒരു ബ്രഹ്മചാരി എന്നേ വിളിച്ചുകൊണ്ടുപോയി. അപ്പോൾ നിങ്ങളേക്കണ്ടില്ല. എന്നായിരുന്നു. കുറേനേരം കഴിഞ്ഞു ഒരു സന്യാസിവന്നു് എന്നെ അമ്മയുടെ മുമ്പിൽ കൂട്ടിക്കൊണ്ടുപോയി. ഞാൻ ഒന്നും പറയുന്നതിനു മുമ്പുതന്നെ അമ്മ പറഞ്ഞു ജോലിപോയി അതുകൊണ്ടെന്തു്? ഇത്ര ദൂരത്തിൽനിന്നും പ

ണം ചിലവാക്കി ഇവിടെ വരേണ്ടതില്ലായിരുന്നു. ഇവിടെ ഇപ്പോൾ ജനങ്ങൾക്ക് വളരെ കഷ്ടതയാണ്. ശരത്തിനോട്ട് (ശാരദാനന്ദജി) ചോദിച്ചിട്ടാണൊ വന്നതു്” “അതേ എന്നു ഞാൻ പറഞ്ഞു. “അദ്ദേഹം തന്നെയാണ് ഒരാളിനേക്കൂട്ടുകാരനായിട്ടയച്ചതും. അമ്മേ! കുറെ വർഷങ്ങളായി ജോലിയിലിരിക്കുകയായിരുന്നു. ആഫീസിൽ എന്റെ സഹപ്രവർത്തകന്മാരും ഉണ്ടായിരുന്നു. അവരോടുകൂടി വർത്തമാനം പറഞ്ഞു് വളരെ ആനന്ദമായി കഴിഞ്ഞിരുന്നു. ജോലി പോയതുകൊണ്ടു് വളരെ വിഷമം തോന്നുന്നു. രണ്ടു ദിവസത്തേക്കു് രണ്ടുനേരവും ഭക്ഷണം കിട്ടിയാൽ മൂന്നുദിവസം വളരെ ബുദ്ധിമുട്ടായി കഴിയുന്നു. അതുകൊണ്ടു് ഒരു സ്ഥിരമായ ജോലികിട്ടാൻ അനുഗ്രഹിക്കണം.” അമ്മ പറഞ്ഞു. “ശുദ്ധാത്മാക്കൾക്കു് അല്പം കഷ്ടങ്ങൾ ഇരിക്കതന്നെ ചെയ്യും”. അതുകൊണ്ടെന്തു്? വീണ്ടും അതിനേക്കാൾ നല്ല ജോലികിട്ടും. അതിനായിട്ടു ഇത്ര വ്യാകുലപ്പെടുന്നതെന്തിനു്? ഇതു കേട്ടു ഞാൻ ആശ്ചര്യപ്പെട്ടു് ഇങ്ങനെ വിചാരിച്ചു. “ഇതെന്തു്? ആ ജോലിക്കുതന്നെയാണൊ ഞാൻ ഇത്ര കഷ്ടപ്പെട്ടു വന്നതു്” വീണ്ടും അശ്രുപൂർണ്ണമായ നയനങ്ങളോടുകൂടി ഇങ്ങനെ പറഞ്ഞു “വേണ്ട, വേണ്ട, എനിക്കു സ്ഥിരമായ ജോലി തന്നെ നൾകണം. ഉടൻ അമ്മ പറഞ്ഞു “ഞാൻ നിനക്കു സ്ഥിരമായ ജോലി തരികയില്ല. അതുകൊണ്ടു നീ എന്തുചെയ്യും. ഭാര്യാപുത്രാദികളെ പരിപാലിക്കാനുള്ളവക്കാണ് സ്ഥിരമായ ജോലി ആവശ്യമായിട്ടുള്ളതു്. നിനക്കു എന്താണു കുറവ്, ഇതിനേക്കാൾ നല്ല ജോലി കിട്ടിയാൽ മതിയല്ലോ” ഇതിനു ഞാൻ മറുപടി പറഞ്ഞു. “എപ്പോൾ ജോലികിട്ടും, എത്രനാൾ കാക്കണം ആർക്കറിയാം” അമ്മ പറഞ്ഞു “ഇവിടെ നിന്നും മടങ്ങിയെത്തിയാൽ അധികം താമസിയാതെ ഇതിനേക്കാൾ നല്ല ജോലികിട്ടും” പിന്നീടു ജപധ്യാനങ്ങളെക്കുറിച്ചും എന്റെ ഭാവിയെപ്പററിയും ചില ഉപദേശങ്ങൾ നൾകി. ഞാൻ അന്നുതന്നെ ആഹാരം കഴിഞ്ഞു യാത്രയായി. ഷില്ലങ്ങിൽ എത്തി രണ്ടു ദിവസം കഴിഞ്ഞപ്പോൾ മുമ്പിലത്തേതിൽ മൂന്നുമടങ്ങു കൂടുതൽ ശമ്പളമുള്ള ഒരു ജോലികിട്ടി.

(തുടരും)

# നമ്മുടെ താൽക്കാലിക ധനസ്ഥിതിയും ഹിന്ദു ധർമ്മോദ്ധാരണവും.

(തുടർച്ച്)

മുൻലക്കങ്ങളിൽ വേഗത്തിൽ ധനസ്ഥിതിയിൽ അഭിവൃദ്ധി പ്രാപിച്ച രണ്ടു യൂറോപ്പിലെ രാജ്യങ്ങളുടെ കഥ പറഞ്ഞല്ലോ. ഇപ്പോൾ നമ്മുടെ സ്ഥിതിക്ക എല്ലാവിധത്തിലും ഏററവും സമീപമുള്ള ഒരു പൌരസ്ത്യരാജ്യം ഭരണകർത്താക്കന്മാരുടേയും ബഹുജനങ്ങളുടേയും മഹാത്യാഗരൂപമായ ഒരു പ്രയത്നം കൊണ്ടു് മുപ്പതു വർഷത്തിനുള്ളിൽ വിദ്യാഭ്യാസത്തിലും യുദ്ധശക്തിയിലും രാജ്യത്തിലെ പ്രവർത്തനശക്തിയിലും സമ്പത്തിലും സ്ഥൂലപദാർത്ഥങ്ങളെപ്പററിയുള്ള ശാസ്ത്രചർച്ചയിലും യൂറോപ്പിലെ രാജ്യങ്ങൾക്ക സമാനമായ സ്ഥാനം പ്രാപിച്ചിട്ടുള്ള കാര്യം വിവരിക്കാൻപോകുന്നു. ജപ്പാൻ രാജ്യത്തെപ്പററിയാണു പറയുന്നതു്. ജപ്പാൻ ഒരു വലിയ ദ്വീപം—അനേകം ചെറിയ ദ്വീപുകളായി ഛിന്നഭിന്നമായി കിടക്കുന്ന ദേശം. ജനസംഖ്യ അഞ്ചുകോടി. ബംഗാൾദേശത്തിന്റെ ജനസംഖ്യയിൽ സ്വല്പം കുറവു്. ഇരുനൂറു അഗ്നിപർവ്വതങ്ങൾ ഉണ്ടു്. അവയിൽ ൫൦ എണ്ണം ഇപ്പോഴും അഗ്നിധൂമവും ഇടയ്ക്കിടെ വർഷിച്ചു കൊണ്ടിരിക്കുന്നതിനാൽ ഭൂകമ്പം എന്നും ഉണ്ടാകുന്നതു ഒരു സാധാരണ സംഭവമത്രേ. ദിവസം ശരാശരി നാലു ഭൂകമ്പം വീതം ഉണ്ടാകുന്നുണ്ടെന്നു് കണക്കാക്കിട്ടുണ്ടു്. ൧൦, ൧൫ വർഷത്തിൽ ഒരിക്കൽ ഒരു വലിയ ഭൂകമ്പം ഉണ്ടായി അസംഖ്യം ജനങ്ങൾ മരിക്കുന്നു. എന്നാൽ ൟ അഗ്നിപർവ്വതങ്ങൾ ജാഗ്രത്താകുംപോൾ അവയിൽ നിന്നു പ്രവഹിക്കുന്ന ദ്രവമായിത്തീർന്ന പാറകളുടെയും മററും ശക്തികൊണ്ടു ഭൂമിക്ക ധാന്യസമൃദ്ധി ലഭിക്കുന്നു. ചുററും ഉള്ള സമുദ്രത്തിൽ ഭക്ഷണത്തിനു ഉപയുക്തമായ അനേകം മത്സ്യങ്ങൾ ഉള്ളതിനാൽ പോഷണശക്തിയേറിയ ആഹാരം ജനങ്ങൾക്കു സുലഭം. പ്രധാനം നെല്ലരിചോറും മത്സ്യവുംതന്നെ. എന്നാൽ അരിവെപ്പിൽ സ്വല്പം വ്യത്യാസം ഉണ്ടു്. നമ്മെപോലെ അധികം വെള്ളം വച്ചു വാർത്തു ചോറിന്റെ പോഷണശക്തി കളയുന്നില്ല. വേകാൻ മാത്രം ആവശ്യമുള്ള ജലം ചേർത്തു് അടച്ചു ആവി കൊണ്ടു വേവിക്കുന്നു. അധികം പോഷണശക്തിയുള്ള ഒരുതരം പയറും ഇവർ ഉപയോഗിക്കുന്നു. ഭാരതത്തിലെപോലെ അവർക്കും ജാതിഭേദം പ്രബലമായിട്ടുണ്ടു്. എന്നാൽ പ്രധാനജാതി ക്ഷത്രിയരാണു, ബ്രാഹ്മണർ ഇല്ലേ ഇല്ല, ക്ഷത്രിയർ കൃഷിക്കാർ തൊഴിൽകാർ കച്ചവടക്കാർ,

അസ്പൃശ്യരായ താഴ്ന്ന ജാതിക്കാർ ഇതാണു ജപ്പാനിലെ ജാതി ഏർപ്പാട്. എന്നാൽ അഗ്രസ്ഥാനം അലങ്കരിക്കുന്ന ക്ഷത്രിയർ ഏററവും ഉച്ചമായ ക്ഷത്രിയാദർശം അവരുടെ ജീവിതത്തിൽ സദാ പരിപാലിച്ചു വരുന്നു. ജപ്പാനിലെ വിദ്യാഭ്യാസരീതികൾ ഗ്രഹിപ്പാനായി ഭാരതത്തിൽ നിന്നും ഈയിടെ പോയിരുന്ന ഒരു വലിയ ഉദ്യോഗസ്ഥൻ അനേകം പള്ളിക്കൂടങ്ങളിൽ ചെന്നു കുട്ടികളോടു "നിങ്ങളുടെ വലിയ ആഗ്രഹം എന്താണു" എന്നു ചോദിച്ചു. അത്യാശ്ചര്യം ജനിപ്പിച്ച ഒരു മറുപടിയാണു അയാൾക്കു എല്ലായ്പോഴും കിട്ടിയതു്. "എന്റെ രാജ്യത്തിന്റെ ശ്രേയസ്സിനും എന്റെ ശ്രേയസ്സിനും വേണ്ടി ൨–ാവർത്തിച്ച് എന്റെ പ്രാണനാശം വരുത്തുന്നതിനു ഒരു സൌകര്യം കിട്ടണം. ഇതാണെന്റെ വലിയ ആഗ്രഹം" ഇതു വെറുംവാക്കല്ലെന്നു് ജപ്പാൻ കാരുടെ ചരിത്രം സർവ്വഥാ ഉൽഘോഷിക്കുന്നുണ്ടു്. ഏകദേശം ൨൫ കൊല്ലം മുമ്പു് ജപ്പാൻകാരും പ്രാബല്യമേറിയ റഷ്യാക്കാരും തമ്മിൽ ഉണ്ടായ യുദ്ധത്തിൽ ജപ്പാൻകാർ കാണിച്ച ശൌര്യവും പരാക്രമവും ത്യാഗവുംകണ്ടു ലോകം വിസ്മയിച്ചുപോയി. കഴിഞ്ഞ മഹായുദ്ധത്തിൽ ഇംഗ്ലീഷുകാർ സ്വപ്നത്തിൽക്കൂടി വിചാരിക്കാത്ത സാഹസകൃത്യങ്ങൾ ജപ്പാൻകാർ അപ്പോൾചെയ്തു. ജപ്പാൻ രാജ്യത്തിനു് എതിരായി റഷ്യാക്കാർ സ്ഥാപിച്ച പ്രധാനതുറമുഖം പോർട്ട ആർതർ എന്ന തുറമുഖമായിരുന്നു. ഈ തുറമുഖത്തിൽആണു റഷ്യാക്കാരുടെ യുദ്ധക്കപ്പലുകൾ കിടന്നതു്. ഈ തുറമുഖത്തിൽനിന്നും വെളിയിൽ വൻകടലിൽ ഇറങ്ങാനുള്ള വഴി ജപ്പാൻകാർ അടച്ചു മുദ്രവച്ചു. തുറമുഖം മുദ്രവയ്ക്കുക എന്നതു് തുറമുഖത്തിൽനിന്നും വെളിയിൽ പോകുന്നവഴി (എല്ലാതുറമുഖങ്ങളിലും ഈ വഴി വളരെ കുടുങ്ങിയതായിരിക്കും) യിൽ അനേകം പഴയകപ്പലുകൊണ്ടുവന്നു മുക്കി വഴി അടക്കയാണു്. ഇതു വളരെ ദുഃസ്സാദ്ധ്യമായ ഒരു കൃത്യമാണു്. തുറമുഖത്തിന്റെ ബഹിർദ്വാരംരക്ഷിക്കാൻ അവിടെചെറിയ യുദ്ധക്കപ്പലുകളും അന്തഃസമുദ്രത്തിൽ ചലിക്കാത്ത യുദ്ധക്കപ്പലുകളും സ്പർശിക്കുംപോൾ പൊട്ടുന്ന ശക്തിയേറിയ "ബാംബുകളും" കൂടാതെ തുറമുഖത്തിലെ പീരങ്കികളോടുകൂടിയ കോട്ടകളുംഉണ്ടു്. ശത്രുക്കൾ സമീപത്തുവരുമ്പോൾ ഈ കപ്പലുകളും കോട്ടകളും വെടിവഷിക്കും. "ബാംബുകളും" കടലടിയിൽപൊട്ടും. അതുകൊണ്ടു ഒരു തുറമുഖം മുദ്രവക്കാൻ ശ്രമിക്കുന്നവർക്ക് ശ്രമം പൂർത്തിയാകുന്നതിനു മുമ്പിൽതന്നെ ജീവഹാനി മിക്കവാറും നിശ്ചയംതന്നെ. മൂന്നു തവണ ജപ്പാൻകാർ ഈ തുറമുഖം മുദ്രവക്കാൻ ശ്രമിച്ചു. ആദ്യത്തെ തവണ ഈ ജോലിക്കു ൭൦ നാവിക ഉദ്യോഗസ്ഥന്മാരും നാവികന്മാരും വേണം എന്നു ഒരു പ്രധാനഉദ്യോഗസ്ഥൻ ഉറക്കെ വിളിച്ചുപറഞ്ഞപ്പോൾ "എന്നെ അയക്കണം എന്നെ അയക്കണം" എന്നുപറഞ്ഞുംകൊണ്ടു ൨൦൦൦ പേർ മുമ്പോട്ടുവന്നു. ഇവരിൽനി

ന്നും ൫ പേരെ തിരഞ്ഞെടുത്തസമയം ഈ ഉദ്യോഗസ്ഥൻ അവരോട്ടു ഇപ്രകാരം പറഞ്ഞു. എനിക്കു ൨൦൦ മക്കൾ ഉണ്ടെങ്കിൽ അവരെ നൂറുപേരെയും ഈ പണിക്കു ഞാൻ അയക്കും. അത്രയുമല്ല എനിക്കു ഏകപുത്രൻ മാത്രമെ ഉള്ളു എങ്കിലും അവനെയും ഞാൻ ഈ പണിക്കു് അയക്കും. എന്നാൽ ഈ പ്രഥമശ്രമത്തിൽ കപ്പലുകൾ ബഹിർദ്വാരത്തിൽ എത്തുന്നതിനും വളരെ മുമ്പിൽതന്നെ റഷ്യക്കാർ മുക്കിക്കളഞ്ഞു. ഈ ൫ പേരിൽ ചിലർ തിരിച്ചുവന്നു. രണ്ടാമത്തെ തവണയും ഏകദേശം ബഹിർദ്വാരത്തിനു സമീപം ചെല്ലുമ്പോൾ തന്നെ റഷ്യാക്കാർ ഈ പണിക്കു് പോയ ൫-ം ൯-ം കപ്പലുകളെ മുക്കിക്കളഞ്ഞു. മൂന്നാമത്തു് ജപ്പാൻകാർ ൯-ം ൧-ം കപ്പലുകൾ കൊണ്ടുചെന്നു ശരിയായ ബഹിർദ്വാരത്തിൽ മുക്കി ഈ വഴി സംപൂർണ്ണമായി അടച്ചു. എന്നാൽ ഈ കപ്പലുകളിൽ പോയ ജപ്പാൻകാർ എല്ലാപേരും കപ്പലിനോടുകൂടി കടലിൽമുക്കി. തുറമുഖം മുദ്രവച്ചതോടുകൂടി അകത്തുകിടന്ന യുദ്ധകപ്പലുകൾകൊണ്ടും തുറമുഖംകൊണ്ടും റഷ്യാക്കാർക്കും യാതൊരുപ്രയോജനവും ഇല്ലാതെ ആയി. കഴിഞ്ഞമഹായുദ്ധത്തിൽ ജർമ്മൻ തുറമുഖം മുദ്രവക്കാൻ ഇംഗ്ലീഷുകാർ ശ്രമിച്ചതേഇല്ല. യുദ്ധത്തിനെക്കാളും ഏററവും ആപൽകരമായ ചാരവൃത്തി അംഗീകരിച്ചു് ശത്രുരഹസ്യങ്ങൾ അറിയുന്നതിനും ജപ്പാൻകാർ സാഹസം ധാരാളം ചെയ്തിട്ടുണ്ടു്. യുദ്ധാരംഭത്തിനും ഏകദേശം ആറുമാസംമുമ്പു് യുദ്ധം മിക്കവാറും ഉണ്ടായേക്കാം എന്നു വന്ന ഘട്ടത്തിൽ പോർട്ടു് ആർതർ തുറമുഖത്തിലേ ജപ്പാൻകാൺസൽ (ജപ്പാൻ കച്ചവടക്കാരുടെയും നിവാസികളുടെയും സൗകര്യത്തിനുവേണ്ടി അന്യരാജ്യത്തു താമസിച്ചു ജോലികൾ നടത്തുന്ന ഉദ്യോഗസ്ഥൻ) ആഫീസിലെ ഒരു ശിപായി ആറുമാസത്തെ അവധിക്കുപോയി. പകരം ഒരു നൂതനശിപായി വന്നു ആറുമാസം ജോലിചെയ്തു. എഴുത്തുകൾ കൊണ്ടുകൊടുക്കുവാനും മററും റഷ്യാക്കാരുടെ കോട്ടകളിലും റഷ്യൻ ഉദ്യോഗസ്ഥന്മാരുടെ ഭവനങ്ങളിലും മററും സദാപോകേണ്ട ആവശ്യം ഉണ്ടല്ലൊ. യുദ്ധാരംഭകാലത്തു് പോർട്ടു ആർതറിലിൽഉള്ള ജപ്പാൻകാരെ എല്ലാം കുഡുംബസമേതം കപ്പലിൽകയററി കാൺസൽ ജപ്പാൻ രാജ്യത്തിലേക്കു തിരിച്ചപ്പോൾ ഈ ശിപായിയും കൂടി പോയി. എന്നാൽ കാൺസലിന്റെ കപ്പൽ നേരേപോയതു് ജപ്പാനിലെ സർവ്വ നാവിക സേനാനായകനായ ആഡ്മറൽ ടോഗൊയുടെ കപ്പലിലേക്കാണു്. ഈ ശിപായിയെ ആ കപ്പലിൽ ഇറക്കിവിട്ടിട്ടു് കാൺസുൽസ്വരാജ്യത്തിലേക്കുപോയി. ഈ ശിപായി വാസ്തവത്തിൽ ഒരു ഉയൎന്ന നാവിക ഉദ്യോഗസ്ഥൻ ആയിരുന്നു. റഷ്യൻ കപ്പൽ സേനയിലെയും പോർട്ടു ആർതർ കോട്ടയിലെയും ഗൂഢതത്വങ്ങൾ അറിയുന്നതിനായിട്ടുആറുമാസംശിപായിപണിസ്വീകരിച്ചു് ആഹാരവിഹാരാദികൾ എല്ലാം ഒരു ശിപായിയെപോലെ പേരുമാറിത

ൻെറ യഥാർത്ഥം ആർക്കും മനസ്സിലാകാത്തവിധത്തിൽ ജീവിതം നയിച്ചു ഈ മഹൽകാര്യം നിറവേററിയതാണ്. റഷ്യാക്കാർക്ക് എന്തെങ്കിലും സംശയം ഉണ്ടായാൽ ആ നിമിഷംതന്നെ അവർ ഈ ചാരനെ പിടിച്ചു കോർട്ടുമാർഷ്യൽ വിസ്തരിച്ചു വെടിവക്കും. ഇപ്രകാരം ഉള്ള ആശ്ചര്യജനകമായ ത്യാഗത്തിൻെറ മഹിമകൊണ്ടാണു ജപ്പാൻകാർ അവരുടെ രാജ്യവും സഭ്യതയും നവീകരണംചെയ്തു് യൂറോപ്പിലെ മഹാരാഷ്ട്രങ്ങൾക്കു് സമാനമാക്കിയതു്. ജപ്പാനിലെ ചക്രവർത്തി ജപ്പാൻ രാജ്യം സ്ഥാപിച്ച ദേവസമാനന്മാരായ പൂർവികന്മാരുടെ സന്താനവും അവതാരവും ആണു് എന്നാണു ജപ്പാൻകാരുടെ ദൃഢധാരണ. ഈ ദേവതുല്യന്മാരായ പൂർവികന്മാർ ഇപ്പോഴും രാജ്യത്തിൻെറ നന്മ സംരക്ഷിക്കുന്നു എന്നും ഇവർ പൂർണ്ണമായി വിശ്വസിക്കുന്നു. ജപ്പാൻകാർ എല്ലാകാലത്തും ദേവാർഹമായ പൂജയും ബഹുമാനവും അനുസരണയും അവരുടെ ചക്രവർത്തിക്കു നൽകിവന്നു. ചക്രവർത്തിയുടെ കുഡുംബം യുഗാരംഭം മുതൽ രാജ്യം ഭരിക്കുന്നു. ഇപ്പോഴും ജപ്പാനിലെ തെരുവീഥികളിൽക്കൂടി ചക്രവർത്തി സവാരിപോകുമ്പോൾ രണ്ടുവശത്തും ഉള്ള മാളികകളിൽ ആരും ഇരിക്കയില്ല. എല്ലാപേരും ആബാലവൃദ്ധം താഴെ ഇറങ്ങിവരും ചക്രവർത്തിയെക്കാളും ഉയരെ ഇരിക്കുന്നതു മഹാപാപം എന്നാണു ജനങ്ങൾ വിശ്വസിക്കുന്നതു്. എന്നാൽ ഏകദേശം ൬൦൦ വർഷം ചക്രവർത്തികൾ നേരിട്ടു രാജ്യഭരണം നടത്തിയില്ല. സേനാനായകന്മാർ ചക്രവർത്തിയുടെ പ്രതിനിധിയായി രാജ്യംഭരിച്ചുവന്നു. ഇപ്രകാരം സ്വല്പകാലംമുമ്പുവരെ ൨൫൦ വർഷം ഒരു കുഡുംബക്കാർ തന്നെ രാജ്യംഭരിച്ചു ഇവരുടെ കാലത്താണു യൂറോപ്പിൽനിന്നും മിഷ്യണറിമാർവന്നു ക്രൂസ്തുമതപ്രചാരം നടത്തിയതു. ജപ്പാനിൽ ക്രമേണ ഏകദേശം മൂന്നുലക്ഷം ജനം ക്രിസ്തുമതം സ്വീകരിച്ചു. ഇവരിൽ ചില പ്രാബല്യമേറിയ പ്രഭുക്കന്മാരും ഉണ്ടായിരുന്നു. ഈ മിഷ്യണറിമാർ രാജ്യകാര്യങ്ങളിൽ പ്രവേശിച്ചു രാജ്യത്തിൻെറ സ്വാതന്ത്ര്യം നശിപ്പിച്ചു് സ്പെയനിനു കീഴടക്കാൻ ശ്രമിക്കുന്നു എന്ന രഹസ്യം ജപ്പാനിലെ സൂക്ഷ്മദൃക്കായിരുന്ന പ്രധാനമന്ത്രി ഗ്രഹിച്ചു അന്വേഷണം കൊണ്ടു "ഇതു് വാസ്തവമാണു് എന്നു മനസ്സിലാക്കി ഭരണകർത്താക്കൾ മിഷ്യണറിമാരെ നാടുകടത്തി ക്രൂസ്തുമതവും ബഹിഷ്കരിച്ചു. പിന്നീടു ൨൫൦-വർഷംയൂറോപ്യന്മാർക്കു അവരുടെ പ്രവേശംനൽകിയതെ ഇല്ല. സ്പെയിൻകാരുടെ ശത്രുക്കളായ ലന്തക്കാർക്കുമാത്രം ഒരു വളരെ ചെറിയ ദ്വീപിൽ താമസിച്ചു് കച്ചവടം നടത്താൻ അനുവാദം കൊടുത്തു. ജപ്പാൻകാരും യൂറോപ്പിലും അമേരിക്കയിലും പോകരുതെന്നു് ഒരു നിർബന്ധനിയമവും ഏർപ്പെടുത്തി. എന്നാൽ ഈ കാലത്തു് ജപ്പാനിൽ സമ്പൽസമൃദ്ധിയും ക്ഷത്രിയ ആദർശം അനുസരിച്ചുള്ള വിദ്യാഭ്യാസവും സമുദായനീതിയും വളരെ ദൃഢമായി സ്ഥാപിക്കപ്പെട്ടു. പ്രഭുക്കന്മാരുടെ ശക്തിവ

ശിച്ചു അവർ അനേകം ഭടന്മാരെ അനുചരന്മാരായി യുദ്ധത്തിനു പരിശീലിപ്പിച്ചു പ്രതിനിധിയായ സേനാനായകൻ പ്രഭുക്കന്മാരെ ഒരു വിധത്തിൽ കീഴടക്കി ഇവർ ആണ്ടിൽ ഒരു മാസം തലസ്ഥാനനഗരത്തിൽ താമസിക്കണം എന്ന നിർബന്ധം ഏൎപ്പെടുത്തി. ഇങ്ങിനെ പാശ്ചാത്യരാജ്യങ്ങളെ ബഹിഷ്കരിച്ചിരിക്കുമ്പോൾ കൊല്ലവൎഷം ൧൦൩൦-ാമാണ്ടു ഒരു ചെറിയ അമ്മേരിക്കൻകപ്പൽ നേനവന്നു നിർബന്ധിച്ചു ൬-വ്യ-ജപ്പാൻതുറമുഖങ്ങളെ ഐക്യനാടുകളുമായി കച്ചവടത്തിനു തുറപ്പിച്ചു. അപ്പോൾ രാജ്യംഭരിച്ച സമൎത്ഥനായ മന്ത്രിക്കു ഒരു ചെറിയ യുദ്ധംകൊണ്ടു പാശ്ചാത്യന്മാരോടു എതിൎക്കാൻ ജപ്പാൻകാൎക്കു കെല്പില്ലെന്നു മനസ്സിലായി. അപ്പോൾ ഒരു സഖ്യഉടമ്പടി ചെയ്തിട്ടു ഉടനെതന്നെ പാശ്ചാത്യരീതിയിൽ നാവികവകുപ്പും സേനയും സ്ഥാപിക്കാൻ ഉള്ള ശ്രമങ്ങൾ തുടങ്ങി. യുവാക്കന്മാരെ യൂറോപ്പിലും അമ്മേരിക്കയിലും സംദർശനത്തിനും അഭ്യസനത്തിനും അയച്ചു. ഈ പ്രവൃത്തി പ്രഭുക്കന്മാരും അനുസരിച്ചു അവരുടെ അനുചരന്മാരിൽ ചിലരും അന്യരാജ്യങ്ങളിലേക്കു പോയി. ഇവർ ഒരു കൊല്ലം കഴിഞ്ഞു തിരിച്ചുവന്നപ്പോൾ പ്രമാണികളും പ്രഭുക്കന്മാരും യഥാൎത്ഥസ്ഥിതിഗ്രഹിച്ചു പാശ്ചാത്യരീതി അനുസരിച്ചു വിദ്യാഭ്യാസവും യുദ്ധക്രമവും രാജ്യഭാരരീതിയും ഏൎപ്പെടുത്താതെ യൂറോപ്യന്മാരോടു എതിൎക്കാൻ സാധിക്കയില്ല എന്നും അതിലേക്കായി സാക്ഷാൽ ചക്രവൎത്തിതന്നെ വീണ്ടും രാജ്യഭാരം കയ്യേൽക്കണം എന്നും തീൎച്ചയാക്കി. കൊല്ലവൎഷം ൧൦൪൩-ാമാണ്ടു വൃശ്ചികമാസത്തിൽ സേനാനായകൻ തന്റെ സകല അധികാരങ്ങളും ചക്രവൎത്തിയെ തിരിച്ചു ഏല്പിച്ചു ചക്രവൎത്തി മുൽസ്സഹിതൊ രാജ്യഭാരം തുടങ്ങി. പ്രഭുക്കന്മാരും അവരുടെ സേനകളും അധികാരങ്ങളും വഴിയെ കയ്യൊഴിഞ്ഞു. പാശ്ചാത്യരീതി അനുസരിച്ചുള്ള പരിഷ്കാരവും ആരംഭിച്ചു. ഇപ്രകാരം ൧൦൪൩-ാമാണ്ടാണു ജപ്പാൻകാരുടെ നവീനയുഗാരംഭം. അവരുടെ നവീനസംവത്സരം (മേജീവൎഷം) അന്നു മുതൽ കണക്കാക്കുന്നു. ഉടൻതന്നെ യൂറോപ്പിലും അമ്മേരിക്കയിലും ഒരു കമ്മീഷൻ അയച്ചു അവർ എല്ലാടിക്കും സഞ്ചരിച്ചു ഇന്ന വിഷയങ്ങൾ ഇന്നരാജ്യത്തിൽ നിന്നും അഭ്യസിക്കണം എന്ന ഒരു വ്യവസ്ഥ ചെയ്തു സകല സാഗതികളും സകലവിഷയങ്ങളും ഇംഗ്ലണ്ടിൽ നിന്നും അഭ്യസിക്കാൻ മാത്രം ശീലിച്ചിട്ടുള്ള ഭാരതീയൎക്കു ഈ കമ്മീഷൻ തീർച്ചയായുംകണ്ണുതുറക്കുന്നതാണു. സേനാഘടനയും യുദ്ധക്രമവും വൈദ്യശാസ്ത്രവും ആരോഗ്യശാസ്ത്രവും ബഹുജനങ്ങളുടെ ആരോഗ്യസംരക്ഷണ ഏൎപ്പാടുകളും വിദ്യാഭ്യാസരീതിയും പൊതുവേ പാശ്ചാത്യശാസ്ത്രങ്ങളും ജൎമ്മനിയിൽ നിന്നും അഭ്യസിക്കാനാണു തീൎച്ചയാക്കിയതു. നാവിക വകുപ്പു ഇംഗ്ലണ്ടിൽ നിന്നും കച്ചവടമാൎഗ്ഗങ്ങൾ ഇംഗ്ലണ്ടിൽ നിന്നും അമേരിക്കയിൽ നിന്നും ശ്ര

ഹിക്കണം എന്നും നിയമശാസ്ത്രം ഫ്റാൻസിൽനിന്നും (സകല നിയമങ്ങളും ഏകോപിച്ച് നെപ്പോളിയൻ ചക്രവർത്തിയുടെ ആജ്ഞാനുസരണം നിർമ്മിച്ച "കോഡ് നെപ്പോളിയൻ" സുപ്രസിദ്ധമാണല്ലൊ) വേണം എന്നും തീർച്ചയാക്കി. ൧൮൭൨-ാമാണ്ട ജപ്പാൻ ഗവമ്മെൻറ് വിദ്യാഭ്യാസം നിർബ്ബന്ധമാക്കി. സകലജനങ്ങളും സേനയിൽ ചേൎന്നു യുദ്ധക്രമം പരിശീലിക്കണം എന്നനിയമവും ഉടൻ ഉണ്ടാക്കി. ചക്രവത്തിയുടെ മക്കൾ കൂടി സേനയിൽ ചേൎന്ന് എല്ലാം പഠിക്കുന്നു. പിന്നീടു നവീനരീതിയിൽ രാജ്യഭാരക്രമവും ഭരണം നടത്താനുള്ള ജനങ്ങളുടെ പ്രതിനിധി സഭയും സ്ഥാപിക്കേണ്ടകാൎയ്യം യൂറോപ്പിലും അമേരിക്കയിലും ചെന്നു സൂക്ഷ്മമായി പരിശോധിക്കാനായി നവീനയുഗത്തിലെ പ്രധാന പുരുഷനായ ഇറൊ പ്രഭുവിനെ നിയമിച്ചു. ഇദ്ദേഹം സഞ്ചരിച്ച കാലത്തു യൂറോപ്പിലെ ഭരണമണ്ഡലത്തിൽ അൎക്കനെപ്പോലെ ശോഭിച്ച ജൎമ്മൻസാമ്രാജ്യസ്ഥാപകനായ മഹാപുരുഷൻ ബിസ്മാർക്കിനെ കണ്ടിട്ടു അദ്ദേഹത്തിൻെറ ഉപദേശം അനുസരിച്ചു ജൎമ്മൻരീതിയിൽ രാജ്യഭാരക്രമം പാർലമെണ്ടുസഭയും ഏൎപ്പെടുത്തി. ഈ മാതിരി രാജ്യഭാരക്രമത്തിൽ ചക്രവത്തിക്കു പ്രാബല്യം ധാരാളം ഉണ്ട്. ഇപ്രകാരം പ്രബലമേറിയ ഭരണശക്തി രാജാവിനു നൾകിയില്ലെങ്കിൽ വലിയ ഭേദഗതികളും പരിഷ്ക്കാരവും വേഗത്തിൽ നടപ്പിൽ വരുത്താൻ സാധിക്കയില്ല എന്നായിരുന്നു മഹാഭരണവിദഗ്ദ്ധനായ ബിസ്മാൎക്കിൻെറ അഭിപ്രായം. ഈ ഭരണക്രമം ൧൮൮൯-ൽ ജപ്പാനിൽ സ്ഥാപിച്ചു.

ഈയിടെ ഏകദേശം ൨൦ കൊല്ലം കഴിഞ്ഞതിൻെറ ശേഷം പാർലമെണ്ടിൻെറ അധികാരങ്ങൾ വളരെ കൂട്ടി എല്ലാ പ്രജകൾക്കും സാമാജികന്മാരെ തിരഞ്ഞെടുക്കാനുള്ള അവകാശം കൊടുത്തിട്ടുണ്ട്. ചക്രവത്തിയോടു പ്രജകൾക്കു ദേവതുല്യമായ ബഹുമാനവും അനുസരണവും ഉള്ളതുകൊണ്ടും മുത്സുഹിതൊ ചക്രവത്തി ബുദ്ധിമാനായിരുന്നതിനാലും ഈ ഏൎപ്പാടിൽനിന്നും ജപ്പാൻകാൎക്കു വളരെ ഗുണം ലഭിച്ചിട്ടുണ്ട്. ഇതിനു ഒന്നുരണ്ടുദാഹരണം ഉപയുക്തമായിരിക്കും. ൧൮൯൩-ാമാണ്ടിടയ്ക്കു ചൈനായുദ്ധത്തിനു ഒരുവർഷം മുൻപു സേനാപരിഷ്ക്കാരത്തിനായി മന്ത്രിമാർ ആവശ്യപ്പെട്ട ഒരു വലിയതുക ഭരണസഭ വോട്ടുചെയ്തില്ല. ഉടൻതന്നെ ചക്രവത്തി തൻെറ കൊട്ടാരത്തിലെ ചിലവു ചുരുക്കി. ആറുവൎഷത്തിലേക്കു ആണ്ടുതോറും അഞ്ചുലക്ഷം രൂപ ഈ ചിലവിനു വിട്ടുകൊടുത്തു. സകല സൎക്കാർ ഉദ്യോഗസ്ഥന്മാരും അവരുടെ ശമ്പളത്തിൽ പത്തിലൊരുഭാഗം ആറു വൎഷത്തിലേക്കു ഈ ചിലവു് നിവൎത്തിക്കാനായി കൊടുക്കണമെന്നാജ്ഞാപിക്കയും ചെയ്തു. അതുപോലെ ചക്രവൎത്തിയുടെ ആദേശം അനുസരിച്ചു അധഃകൃതവൎഗ്ഗക്കാരുടെ സ്ഥിതിയും എളുപ്പത്തിൽ നന്നാക്കാൻ സാധിച്ചു. ജപ്പാൻഗവൺ

മെൻറ അവരുടെ പുലയരുടേയും പറയരുടേയും (ഏററാ എന്നാണു് ഈവർഗ്ഗക്കാരുടെ പേർ) വിദ്ധ്യാഭ്യാസത്തിനായി കുട്ടികളും വാദ്ധ്യാന്മാരും ഒന്നിച്ചു താമസിച്ചു വിദ്ധ്യാഭ്യാസം നടത്തുന്ന പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തി. അപ്പോൾ സാധാരണ ജനങ്ങൾ ഈകുട്ടികളൊടു താമസിച്ചു ആഹാരം കഴിച്ചുവന്ന വാദ്ധ്യാന്മാരെ അടിയന്തരങ്ങൾക്കു് ചേക്കാതെ ബഹിഷ്കരിക്കാൻ ആരംഭിച്ചു. ചക്രവത്തി ഇതറിഞ്ഞ ഉടൻ തന്നെ ഗവർണ്ണർമാർ അവരുടെ അതിത്തിക്കകത്തു സക്കീട്ടു പോകുമ്പോഴെല്ലായ്പ്പോഴും പുലക്കുട്ടികളുടെപള്ളിക്കൂടങ്ങളിൽ ചെന്നു് ഈ കുട്ടികളുമായി ഒന്നിച്ചിരുന്നു ആഹാരം കഴിക്കണമെന്ന ഒരുത്തരവയച്ചു. ഇതിൽനിന്നും ചക്രവത്തിക്കു എത്ര എളുപ്പത്തിൽ വലിയ കാൎയ്യങ്ങൾ സാധിക്കാൻ കഴിയുമെന്നു നമുക്കറിയാമല്ലൊ.

---

# കൎമ്മയോഗം.

## ൫-ാം അദ്ധ്യായം.

(തുടൎച്ച)

ഇനി സമത്വം എന്ന ഭാവനയെപ്പററി വിചാരിച്ചു നോക്കുക. സൎവ്വസമത്വം, സൎവ്വസുഖത്വം എന്നുള്ള ഭാവനകൾ കൎമ്മത്തെ പ്രേരിപ്പിക്കുന്നതിനു് വലിയ ശക്തികളായിരുന്നിട്ടുണ്ടു്. പല മതങ്ങളും ഈ ആശയങ്ങളെ മതാംശമായി പ്രതിപാദിച്ചിട്ടുണ്ടു്—ഈ ജഗത്തിനെ ഭരിപ്പാൻ ഈശ്വരൻ ആവിർഭവിക്കുമെന്നും അന്നു മുതൽ പിന്നെ അവസ്ഥാഭേദങ്ങൾ ഒന്നും ഉണ്ടാകയില്ലെന്നുമാകുന്നു ആ മതങ്ങൾ പറയുന്നതു്. ഈ ആശയം പ്രസംഗിക്കുന്നവർ മതഭ്രാന്തന്മാരാകുന്നു, മതഭ്രാന്തന്മാർ മനുഷ്യരിൽ വെച്ചു് ഏററവും നിഷ്കപടന്മാരുമാകുന്നു. ഈ മതഭ്രാന്തിൻെറ ആകർഷണംഒന്നുമാത്രം അടിസ്ഥാനമാക്കിയായിരുന്നുക്രിസ്തുമതം പ്രസംഗിച്ചിരുന്നതു്. അതായിരുന്നു ഗ്രീക്കുകാരുടേയും റോമാക്കാരുടേയും അടിമകളെ ആ മതത്തിലേക്കു അത്രയധികം ആകർഷിച്ചിരുന്നതു്. അങ്ങിനെ സുഖകരമായ മതത്തിൻെറ ആധിപത്യത്തിൽ അടിമത്തം ഉണ്ടാകയില്ലെന്നും ഭക്ഷ്യപേയങ്ങൾ ധാരാളമുണ്ടാകുമെന്നും അവർ വിശ്വസിച്ചു, അതുകൊണ്ടു് അവർ കൂട്ടംകൂട്ടമായി ആ മതത്തിൽ ചെന്നുചേൎന്നു. ഈ മതം ആദ്യമായു്

പ്രസംഗിച്ചിരുന്നവർ തീർച്ചയായും അജ്ഞന്മാരായ മതഭ്രാന്തന്മാരായിരുന്നു, എന്നാൽ അവർ മനഃപൂർവ്വം വിശ്വസിച്ചിരുന്നവരുമായിരുന്നു. സർവ്വസുഖാവസ്ഥക്കുള്ള ഈ അഭിലാഷം ആധുനികകാലത്തു സമത്വം എന്ന രൂപം കൈക്കൊണ്ടിരിക്കുന്നു—സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം ഇതാകുന്നു ആധുനികരൂപം. ഇതും മതഭ്രാന്തുതന്നെ. കേവല സമത്വം എന്നുള്ളതു ഈ ലോകത്തിൽ ഒരു കാലത്തും ഉണ്ടായിരുന്നില്ല, ഒരിക്കലും ഉണ്ടാകുവാനും കഴിവില്ല. ഇവിടെ നാമെല്ലാവരും എങ്ങിനെ സമന്മാരാകും? ഈ അസാദ്ധ്യമായ സമത്വാവസ്ഥയിൽ മരണമാകുന്നു അന്തർഭവിച്ചിരിക്കുന്നതു്. പ്രപഞ്ചത്തെ പ്രപഞ്ചമാക്കിയിരിക്കുന്നത് എന്തു്? അസമത്വം അഥവാ സമത്വനാശം. സൃഷ്ടിക്കു മുമ്പുള്ള ആദിമാവസ്ഥയിൽ പൂർണ്ണസമത്വമുണ്ടു്. പിന്നീടു് പ്രപഞ്ചത്തിലുള്ള വിവിധ രൂപശക്തികൾ എങ്ങിനെ ഉണ്ടായി? അസമത്വം, തീവ്രയത്നം, പരസ്പരമത്സരം, സംഘടനം, ഇതുകൾ നിമിത്തം തന്നെ. സർവ്വ പദാർത്ഥ കണങ്ങളേയും പൂർണ്ണസമതാവസ്ഥയിൽ ഒതുക്കി നിർത്തിയിരിക്കുന്നു എന്നു വിചാരിക്കുക, എന്നാൽ സൃഷ്ടികാര്യം വല്ലതും ഉണ്ടാകുമൊ? ഇല്ലെന്നു ശാസ്ത്രം നമ്മെ പഠിപ്പിക്കുന്നു. ശാന്ത ജലത്തെ ചലിപ്പിക്കുക. ഉടൻ ഓരൊ ജലകണവും വീണ്ടും ശാന്തമായി തീരുവാൻ യത്നിക്കുന്നതും അതിനുവേണ്ടി ഓരൊ കണവും മറേറാരോന്നിനു നേരെ പാഞ്ഞുചെല്ലുന്നതും കാണാം. അതുപോലെതന്നെ പ്രപഞ്ചം മുഴുവനും—ഇതിലുള്ള ദൃശ്യങ്ങൾ എല്ലാം—മുമ്പുണ്ടായിരുന്ന പൂർണ്ണസമത്വാവസ്ഥയെ പ്രാപിക്കാൻ യത്നിച്ചുകൊണ്ടുമിരിക്കുന്നു. ആ അവസ്ഥ ലഭിച്ചു കഴിഞ്ഞാൽ പിന്നെയും ഒരു ക്ഷോഭം ഉണ്ടാകുന്നു, വീണ്ടും പദാർത്ഥകണങ്ങളുടെ സംഘടനയും സൃഷ്ടിയും ഉണ്ടാകുന്നു. അസമത്വമാകുന്നു സൃഷ്ടിയുടെ അടിസ്ഥാനം. എന്നാൽ സമത്വത്തെ നശിപ്പിക്കുന്ന ശക്തികളോളം തന്നെ സമത്വത്തെ വീണ്ടും സ്ഥാപിക്കാൻ യത്നിക്കുന്ന ശക്തികളും സൃഷ്ടിയിൽ ആവശ്യമാകുന്നു.

കേവലസമത്വം, അതായത്, സർവ്വഭൂമികളിലും ഉള്ള സർവ്വക്രിയാ ശക്തികളും നിഷ്പന്ദമായ് ശാന്തമായിരിക്കുന്ന അവസ്ഥ ഈ ലോകത്തിൽ ഒരു കാലത്തും ഉണ്ടാകുവാൻ വഴിയില്ല. ആ അവസ്ഥയിൽ എത്തുന്നതിനുമുമ്പു ലോകം ജീവിതത്തിനു അയോഗ്യമായി ഭവിച്ചിരിക്കും. ഇവിടെ ഒരു ജീവിയും ഉണ്ടായിരിക്കയില്ല. അതുകൊണ്ടു് കേവലസമത്വം എന്നും കേവലസുഖകാലം എന്നുംമറ്റുമുള്ള ഭാവങ്ങൾക്കനുരൂപമായ ഒരു കാലം അസംഭാവ്യമാകുന്നു എന്നുമാത്രമല്ല, അതുകളെ നടപ്പിൽ വരുത്തുവാൻ നാം ശ്രമിക്കുന്നപക്ഷം അതു നമ്മെ തീർച്ചയായും നാശത്തിലേക്കു എത്തിക്കുമെന്നുകൂടി വെളിവാകുന്നു. മനുഷ്യനും മനുഷ്യനും തമ്മിലുള്ള വ്യത്യാസത്തിന്നു സംഗതിഎന്തു്? കാര്യമായും ബുദ്ധിശക്തിയിലുള്ള വ്യത്യാ

സമാകുന്നു സർവ്വമനുഷ്യരുംഒരേവിധം ബുദ്ധിശക്തിയോടുകൂടിജനിക്കു ന്നുഎന്നുഒരു ഭ്രാന്തനല്ലാതെമററാരും ഈ കാലത്തുപറകയില്ല. നാം അസമശക്തികളോടുകൂടിയാകുന്നു ജനിക്കുന്നതു്. ചിലർ ജന്മനാ വലിയവർ ചിലർ ജന്മനാ ചെറിയവർ ജനനത്തിന്നു മുമ്പുള്ള കാരണങ്ങളാൽ തീൎച്ചപ്പെട്ടുപോയിരിക്കുന്ന ആ അവസ്ഥയെ നമുക്കു തട്ടിനീക്കാവുന്നതല്ല. ഈ രാജ്യത്തിൽ അനേകായിരം സംവത്സരങ്ങളായി അമേരിക്കൻ ഇന്ത്യാക്കാർ നിവസിച്ചിരിക്കുന്നു. അങ്ങിനെയിരിക്കേ നിങ്ങളുടെ പൂവികന്മാർ ചുരുക്കംപേർ ഇവിടെവന്നു. അവർ ഈ രാജ്യത്തിന്റെ പ്രകൃതത്തിനു എന്തുമാററം വരുത്തിയിരിക്കുന്നു എന്നു നോക്കുക. എല്ലാവരും സമന്മാരായിരുന്നു എങ്കിൽ എന്തുകൊണ്ടു ഇന്ത്യാക്കാർ പരിഷ്കാരങ്ങൾ വരുത്തി നഗരങ്ങൾ കെട്ടിയില്ല? നിങ്ങളുടെ പൂൎവ്വികന്മാർ വന്നതോടുകൂടി മറെറാരുതരം ബുദ്ധിശക്തിയും പൂർവ്വസംസ്കാരസഞ്ചയങ്ങളും ഇവിടെ എത്തി, അതുകൾ വ്യാപരിച്ചു് സ്വയം പ്രകാശിക്കപ്പെട്ടു. വ്യത്യാസത്തിന്റെ കേവലമായ അഭാവം മരണം തന്നെ. ഈലോകം ഉള്ളകാലം വ്യത്യാസം ഉണ്ടാകും, ഉണ്ടായിരിക്കയും വേണം; വ്യത്യാസരാഹിത്യം പൂൎണ്ണമായിരിക്കുന്ന കാലം വരുന്നതു് യുഗാവസാനത്തിൽമാത്രം; അതിനുമുമ്പു സമത്വം ഉണ്ടാകുവാൻ വഴിയില്ല. എന്നാൽ ഈ സമത്വം സാക്ഷാൽകരിപ്പാനുള്ള ആഗ്രഹം കൎമ്മപ്രേരകമായ ഒരു വലിയ ശക്തിയാകുന്നു. സൃഷ്ടിക്കു് അസമത്വം എത്രത്തോളം ആവശ്യകമായിരിക്കുന്നുവൊ അത്രത്തോളം അസമത്വത്തെ നിരോധിപ്പാനുള്ള യത്നവും ആവശ്യകമാകുന്നു. സ്വാതന്ത്ര്യത്തിനും വീണ്ടും ഈശ്വരപദപ്രാപ്തിക്കുമായുള്ള യത്നമില്ലായിരുന്നു എങ്കിൽ സൃഷ്ടിയുമുണ്ടാകയില്ല, ഈരണ്ടു ശക്തികൾക്കു തമ്മിലുള്ള വ്യത്യാസമാകുന്നു മനുഷ്യരുടെ കൎമ്മോദ്ദേശത്തിന്റെ സ്വഭാവത്തെ നിൎണ്ണയിക്കുന്നതു്. കൎമ്മത്തിന്നു പ്രേരിപ്പിക്കുന്ന ഉദ്ദേശം എപ്പോഴും ഉണ്ടായിരിക്കും. അതിനു ചിലതു് ബന്ധത്തിനു സഹായിക്കുന്നവയും ചിലതു് മോക്ഷത്തിന്നു സഹായിക്കുന്നവയും ആയിരിക്കും. ഈ ലോകച്ചക്രക്കൂടം ഭയങ്കരയന്ത്രമാകുന്നു. നാം അതിൽ കൈവെച്ചാൽ നമ്മെപിടികൂടുന്നതും നമ്മുടെ കഥ കഴിയുന്നതും ഒന്നിച്ചായിരിക്കും. നമുക്കുള്ള ഏതെങ്കിലും ഒരു ബാദ്ധ്യത നിറവേററിക്കഴിഞ്ഞാൽ നമുക്കു വിശ്രമമുണ്ടാകും പിന്നെ സ്വസ്ഥമായിരിക്കാം എന്നു നാം വിചാരിക്കും. എന്നാൽ അതിൽ ഒരു അംശം ചെയ്തുകഴിയുന്നതിന്നുമുമ്പു് മറെറാരു ബാദ്ധ്യത നമ്മെകാത്തു് തെയ്യാറായിരിക്കുന്നുണ്ടാകും. ഈ ഗംഭീരയന്ത്രം, മഹാവിഷമമായ ലോകയന്ത്രം, നമ്മെ വലിച്ചിഴച്ചു കൊണ്ടുപോകുന്നു. അതിൽ നിന്നു് ഒഴിഞ്ഞു പോകുവാൻ രണ്ടുമാൎഗ്ഗങ്ങളെ ഉള്ളു. ഒന്നു് യന്ത്രത്തോടുള്ളകൂട്ടുകെട്ടു് ഉപേക്ഷിക്കുക, അതു് അതിന്റെ വഴിക്കു

നടന്നുകൊള്ളട്ടെ എന്നു വെച്ച് മാറിനിൽക്കുക, സർവ്വകാമങ്ങളേയും പരിത്യജിക്കുക ഇതാകുന്നു. ഇതു പറവാൻ വളരെ എളുപ്പമാകുന്നു. ചെയ്യാൻ തുലോം അസാദ്ധ്യവുമാകുന്നു. ഇരുന്നൂറുലക്ഷംജനങ്ങളിൽവെച്ച് ഒരാൾക്കെങ്കിലും അതു ചെയ്യാൻസാധിക്കുമൊ എന്നു എനിക്കു തീർച്ചയില്ല. രണ്ടാമത്തെ വഴി ലോകത്തിൽ ചാടിയിറങ്ങുക കർമ്മരഹസ്യം മനസ്സിലാക്കുക, ഇതാകുന്നു കർമ്മയോഗവഴി ലോകയന്ത്രത്തിന്റെ ചക്രങ്ങളെ ഭയപ്പെട്ടു ഓടിപ്പോകേണ്ട. അതിനുള്ളിൽനിന്നു കർമ്മരഹസ്യം മനസ്സിലാക്കുക. ഉള്ളിലിരുന്നു ചെയ്യുന്ന യുക്തകർമ്മം കൊണ്ടും പുറത്തുവരുവാൻ കഴിവുള്ളതാകുന്നു. ഈ യന്ത്രത്തിൽക്കൂടെ തന്നെ ബഹിർഗ്ഗമനമാർഗ്ഗമുണ്ട്.

കർമ്മം എന്തെന്നു നാം ഇപ്പോൾ കണ്ടുകഴിഞ്ഞു. അതു പ്രപഞ്ചത്തിന്റെ അസ്തിവാരത്തിൽ ഒരംശമാകുന്നു, അതു സദാ നടന്നുകൊണ്ടിരിക്കയും ചെയ്യുന്നു. ഈശ്വരനിൽ വിശ്വസിക്കുന്നവർ ഈ സംഗതി കുറെക്കൂടെ നല്ലവണ്ണം മനസ്സിലാകും. എന്തുകൊണ്ടെന്നാൽ ഈശ്വരൻ നമ്മുടെ സഹായം വേണ്ടിവരുന്ന വിധം അത്ര ശേഷിയില്ലാത്തവനല്ലെന്നു അവർക്കറിയാം. ഈ പ്രപഞ്ചം നടന്നുകൊണ്ടിരിക്കുമെങ്കിലും നമ്മുടെ ലക്ഷ്യം മോക്ഷമാകുന്നു. നമ്മുടെ ലക്ഷ്യം സ്വാർത്ഥരാഹിത്യമാകുന്നു. ആ ലക്ഷ്യം കർമ്മത്തിൽ കൂടെ പ്രാപിക്കേണ്ടതുമാകുന്നു എന്നു കർമ്മയോഗം ഉപദേശിക്കുന്നു. ലോകത്തിൽ പൂർണ്ണസുഖമുണ്ടാക്കുവാനുള്ള ആലോചന മതഭ്രാന്തന്മാർക്കു കർമ്മത്തിനുള്ള പ്രേരണയുടെ നിലയിൽ മാത്രം കൊള്ളാവുന്നതായിരിക്കാം, എന്നാൽ മതഭ്രാന്ത് നന്മ ചെയ്യുന്നിടത്തോളം തിന്മയും ചെയ്യുമെന്നു നാം അറിഞ്ഞിരിക്കേണ്ടതാകുന്നു. സ്വാതന്ത്ര്യത്തിനു നമുക്കു സഹജമായുള്ള ആഗ്രഹം ഒന്നല്ലാതെ കർമ്മം ചെയ്യാൻ നമുക്കു മററു വല്ല പ്രേരണയും ആവശ്യമുണ്ടൊ എന്നു കർമ്മയോഗി ചോദിക്കുന്നു. സാധാരണമനുഷ്യർക്കുള്ള സദുദ്ദേശങ്ങൾക്കു അപ്പുറം കടക്കുക. "നിനക്കു കർമ്മം ചെയ്യാൻ മാത്രം അധികാരമുണ്ട്, ഫലത്തിനു ഒരിക്കലും അധികാരമില്ല." ഈ തത്വം അറിവാനും അതിനെ അനുഷ്ഠാനത്തിൽ കൊണ്ടുവരുവാനും അഭ്യസിപ്പാൻ മനുഷ്യനു കഴിവുണ്ടെന്നു കർമ്മയോഗി പറയുന്നു. നന്മ ചെയ്യുക എന്ന ഭാവന ഒരുവന്റെ സ്വഭാവത്തിൽ ഒരംശമായി തീരുമ്പോൾ പിന്നെ അയാൾ കർമ്മത്തിനു ബാഹ്യപ്രേരണകളെ തേടുകയില്ല. നന്മ ചെയ്യുന്നതു നല്ലതാകുന്നു എന്നുള്ളതുകൊണ്ടു മാത്രം നാം നന്മ ചെയ്യുക. സ്വർഗ്ഗത്തിൽ പോകണമെന്നെങ്കിലും ഉദ്ദേശിച്ചു ചെയ്യുന്ന കർമ്മവും ബന്ധകരമാകുന്നു എന്നത്രെ കർമ്മയോഗി പറയുന്നതു്. അത്യല്പമായ സ്വാർത്ഥോദ്ദേശത്തോടു കൂടിയെങ്കിലും ചെയ്യുന്ന ഏതൊരു കർമ്മവും നമ്മെ സ്വതന്ത്രന്മാരാക്കുന്നതിനു പകരം നമ്മുടെ പാദങ്ങളെ ബന്ധിക്കുന്നതിനു ഒരു ശൃംഖല കൂടി ഉണ്ടാക്കുന്നതേ ഉള്ളൂ.

അതുകൊണ്ടു് കമ്മഫലങ്ങളെ എല്ലാം ത്യജിക്കുക, അതുകളോടു സക്തിയില്ലാതാകുക, ഇതേ വഴിയുള്ളൂ. ഈ പ്രപഞ്ചം നാമല്ല. നാം ഈ പ്രപഞ്ചവുമല്ല; വാസ്തവത്തിൽ നാം നമ്മുടെ ശരീരമല്ല വാസ്തവത്തിൻ നാം കമ്മം ചെയ്യുന്നുമില്ല, ഈ തത്വം മനസ്സിലാക്കുക. നാം ആത്മാവാകുന്നു, സദാ നിഷ്ക്രിയം, സദാ ശാന്തം ഇതാകുന്നു നമ്മുടെ തത്വം. നാം ഒന്നുകൊണ്ടും ബന്ധിതരാകേണ്ടതില്ല. നാം കേവലം നിസ്സംഗന്മാരായിരിക്കണം എന്നു പറയുന്നതു നല്ലതു തന്നെ. എന്നാൽ അതിനുള്ള വഴിയെന്തു്? നിസ്സ്വാത്ഥകമ്മം തന്നെ. യാതൊരു സ്വാത്ഥോദ്ദേശവും കൂടാതെ ചെയ്യുന്ന സല്കമ്മം ഏതൊന്നും നമുക്കു പുതിയ ബന്ധനങ്ങളെ ജനിപ്പിക്കുന്നതിനു പകരം ഇപ്പോൾ ഉള്ള ശൃംഖലകളിൽ ഒരു കണ്ണിപൊട്ടിക്കുന്നതാകുന്നു. പ്രതിഫലേച്ഛയില്ലാതെ ലോകഹിതത്തിനു വേണ്ടി നാം വിചാരിക്കുന്ന ഓരോസദ്വിചാരവും സഞ്ചിതമായി ഭവിച്ചു് ഓരോ ചങ്ങലക്കണ്ണി പൊട്ടിച്ചു് നമുക്കു പൂർവ്വാധികം പരിശുദ്ധി ചേത്തു് ഒടുവിൽ നാം മനുഷ്യരിൽ വച്ചു് ഏററവും പരിശുദ്ധന്മാരാകുന്നു. ഈ പറയുന്നതെല്ലാം ഒരു വിധം ഭ്രാന്താണെന്നും കടന്ന വേദാന്തമാണെന്നും അതെല്ലാം പ്രസംഗിപ്പാൻ മാത്രമല്ലാതെ പ്രവൃത്തിയിൽ കൊണ്ടു വരുവാൻ സാദ്ധ്യമല്ലാത്തതാണെന്നും തോന്നുമായിരിക്കാം. ഭഗവൽഗീതയിലെ ഉപദേശത്തിനു വിപരീതമായി പല വാദങ്ങളും ഞാൻ കേട്ടിട്ടുണ്ടു്. ഫലാപേക്ഷ കൂടാതെ കമ്മം ചെയ്വാൻ കഴികയില്ലെന്നു പലരും പറഞ്ഞിട്ടുണ്ടു്. പക്ഷേ അവർ നിഷ്കാമകമ്മം ഒരിക്കലും കണ്ടിരിക്കയില്ല, ഉണ്ടെങ്കിൽ അതു മതഭ്രാന്തുകൊണ്ടു ചെയ്യപ്പെട്ടതുമായിരിക്കാം, അതുകൊണ്ടാകുന്നു അവർ ആ വിധം പറയുന്നതു്.

ഈ കമ്മയോഗോപദേശം യഥാർത്ഥമായ അനുഷ്ഠാനത്തിൽ കൊണ്ടു വന്ന ഒരു മനുഷ്യനെ പററി രണ്ടു വാക്കു പറഞ്ഞു് അവസാനിപ്പിച്ചുകൊള്ളട്ടെ. ആ മനുഷ്യൻ ബുദ്ധദേവനാകുന്നു. കമ്മയോഗം എപ്പോഴെങ്കിലും പൂണ്ണമായ അനുഷ്ഠാനത്തിൽ വരുത്തിയ ഒരാൾ അദ്ദേഹമാകുന്നു. ബുദ്ധനൊഴികെ ലോകത്തിലുണ്ടായിട്ടുള്ള മറെറല്ലാ മതപ്രവത്തകന്മാക്കും അവരെ നിസ്സ്വാർത്ഥകമ്മത്തിനു പ്രേരിപ്പിപ്പാൻ ഉദ്ദേശങ്ങൾ ബാഹ്യങ്ങളായുണ്ടായിരുന്നു. ബുദ്ധനെ മാത്രം ഒഴിച്ചു് മററുള്ള മതപ്രവാചകന്മാരെ രണ്ടു സംഘമായി തിരിക്കാം. ഒരു സംഘക്കാർ തങ്ങൾ ഭൂമിയിൽ വന്നിരിക്കുന്ന ഈശ്വരാവതാരങ്ങൾ എന്നും, മറെറസംഘക്കാർ തങ്ങൾ ഈശ്വരദൂതന്മാർ മാത്രമാകുന്നു എന്നും പറഞ്ഞിട്ടുള്ളവരാകുന്നു. ഈ രണ്ടു സംഘങ്ങളും അവക്കുള്ള കമ്മപ്രേരണ പുറമെ നിന്നു സമ്പാദിക്കുന്നു. പുറമെനിന്നു പ്രതിഫലവും അവർ പ്രതീക്ഷിക്കുന്നു. അവരുടെ വാക്കുകൾ എത്രയൊ അധികം ആത്മപരങ്ങളായിരുന്നാലും വാസ്തവം അതാകുന്നു. എന്നാൽ ബുദ്ധൻ ഒരു പ്രവാചകൻ മാത്രം

"ഈശ്വരനെപ്പററി നിങ്ങൾക്കുള്ള വിവിധ മതങ്ങൾ എന്തായി
രുന്നാലും അതൊന്നും എനിക്കു അറിയണമെന്നില്ല, ആത്മാവിനെ
പ്പററിയ സൂക്ഷ്മതത്വങ്ങളെ വിമർശിക്കുന്നതുകൊണ്ടും പ്രയോജ
മില്ല. നന്മചെയ്യു, നല്ലവരായിരിക്കു; അതു നിങ്ങൾക്കു മോക്ഷംത
രും. സത്യവസ്തു യാതൊന്നുണ്ടോ അതും നിങ്ങൾക്കു അതു കൊ
ണ്ടു ലഭിക്കും" എന്നു പറഞ്ഞിട്ടുണ്ട്. സ്വജീവി
തത്തിൽ അദ്ദേഹം തീരെ സ്വാർത്ഥരഹിതനായിരുന്നു, എന്നാൽ
അദ്ദേഹത്തേക്കാൾ അധികമായി കർമ്മം ചെയ്തവർ ആരുണ്ട്? ഇ
ങ്ങനെ സർവ്വോപരി സർവ്വോൽകൃഷ്ടനായി വർത്തിച്ച ഒരു മനുഷ്യ
നെ ചരിത്രത്തിൽ വേറെ കാണിച്ചു തരിക. മനുഷ്യവംശത്തിൽ
അങ്ങിനെ ഒരാൾ മാത്രം ഉണ്ടായിട്ടുണ്ട്. അത്രയും ഉച്ചമായ ത
ത്വജ്ഞാനം, അത്രയും വിസ്തൃതമായ ഭൂതാനുകമ്പ അത്ര ഗംഭീ
രമായ തത്വജ്ഞാനം ഉപദേശിച്ചിരുന്ന ജ്ഞാനിയായിരുന്നിട്ടും
അദ്ദേഹത്തിന്നു് അതിനീച പ്രാണികളോടും അപാരമായ സ
ഹതാപമുണ്ടായിരുന്നു. എങ്കിലും തനിക്കു യാതൊരു പ്രത്യേകത
യും അദ്ദേഹം കല്പിച്ചതുമില്ല. കേവലം നിഷ്കാമകർമ്മം ചെയ്ത
ഉത്തമ കർമ്മയോഗി അദ്ദേഹമാകുന്നു. ജന്മം എടുത്തിട്ടുള്ള മനു
ഷ്യരിൽ വെച്ചു് ഏററവും മഹാൻ അദ്ദേഹമാകുന്നു എന്നു മനുഷ്യ
ലോകചരിത്രംനമുക്കുകാണിച്ചുതരുന്നു.പ്രേമത്തിൻെറയുംജ്ഞാനത്തി
ൻെറയുംഉത്തമമായസമ്മേളനംകൊണ്ടുംആത്മശക്തിയുടെ സർവ്വോ
ത്തരമായ പ്രകാശനംകൊണ്ടുംനിസ്തുല്യനായി ശോഭിക്കുന്നവൻഅ
ദ്ദേഹമാകുന്നു. ലോകത്തിൽ ആദ്യമായുണ്ടായ വലിയ പരിഷ്കാര
കാരിയും അദ്ദേഹമാകുന്നു. "വല്ല പഴയ ഗ്രന്ഥങ്ങളിലും അങ്ങി
നെ കാണുന്നു എന്നുള്ളതുകൊണ്ടു് നിങ്ങൾ ഒന്നു വിശ്വസിക്കരു
തു്, അതു നിങ്ങളുടെ വർഗ്ഗക്കാരുടെ വിശ്വാസമാകുന്നു. നിങ്ങളെബാ
ല്യം മുതൽക്കെ വിശ്വസിപ്പിച്ചിട്ടുള്ളതാകുന്നു, എന്നുള്ളതുകൊ
ണ്ടും നിങ്ങൾ വിശ്വസിക്കരുതു്. നിങ്ങൾ അതിനെപ്പററി യുക്തി
യുക്തമായി ആലോചിച്ച് അതിൻെറ സർവ്വാംശങ്ങളെപ്പററി
യും നിരൂപണം ചെയ്തു അതിനുശേഷം അതു സർവക്കും ഹിതക
രമാകുന്നു എന്നു കാണുന്നപക്ഷം വിശ്വസിക്കുക, അതിനെ അനു
ഷ്ഠിക്കുക, അനുഷ്ഠിപ്പാൻ അന്യരെ സഹായിക്കയും ചെയ്ക."
എന്നു ആദ്യമായി പറയാൻ ധൈര്യപ്പെട്ടതു അദ്ദേഹമാണ്. ധന
ത്തിനോ യശസ്സിനോ മററുവല്ലതിനുമോ അല്ലാതെ കേവലം നി
ഷ്കാമമായി കർമ്മം ചെയ്യുന്നതു് ആരോ അയാളാകുന്നു ഉ
ത്തമമായി കർമ്മംചെയ്യുന്നതു്. അങ്ങിനെ ചെയ്വാൻ ഒരാൾക്കു ക
ഴിവുണ്ടാകുമ്പോൾ അയാൾ ഒരു ബുദ്ധനാകുന്നു, ലോകത്തിൻെറ
പ്രകൃതം മാററുവാൻതക്ക കർമ്മം ചെയ്വാനുള്ള ശക്തിയുംഅയാ
ളിൽനിന്നു പുറപ്പെടുന്നു. ഈ വിധമുള്ള മനുഷ്യൻ കർമ്മയോഗ
ത്തിൻെറ പരമോച്ചമായ ലക്ഷ്യത്തിന്നുപ്രതിനിധിയാകുന്നു. ശുഭം

# നാനാവാർത്ത.

## ആശ്രമപ്രതിഷ്ഠ

കായംകുളത്തു പുതുതായി പണികഴിക്കപ്പെട്ടിട്ടുള്ള ശ്രീരാമകൃഷ്ണാശ്രമത്തിൻെറ പ്രതിഷ്ഠയും ഉൽഘാടനവും ഈമാസം ൩-ാംതീയതി വെള്ളിയാഴ്ച പൂജ്യപാദ ശ്രീമത് നിർമ്മലാനന്ദസ്വാമികൾ നടത്തിയിരിക്കുന്നു. അതുസംബന്ധമായ ആഘോഷം, ഭജന അന്നദാനം വെടിക്കെട്ട് മുതലായ ചടങ്ങുകളോടുകൂടി ൮-ാംതീയതി കേമമായി നിർവ്വഹിക്കപ്പെട്ടു. കഴിഞ്ഞുപോയ പ്രസിഡൻറ് മഹരാജ് ശ്രീമത് ബ്രഹ്മാനന്ദസ്വാമികളുടെ ധന്യനാമത്തെ സ്മരിപ്പിക്കത്തക്കവണ്ണം "ബ്രഹ്മാനന്ദാശ്രമം" എന്നാണ് ഈ ആശ്രമത്തിനു നാമകരണം ചെയ്തിരിക്കുന്നതു്.

തിരുവല്ലാ ശ്രീരാമകൃഷ്ണമന്ദിരത്തിലെ സ്ഥലച്ചുരുക്കംകൊണ്ടും മററും മന്ദിരത്തിൽനിന്നും ഏകദേശം ഒരുമൈൽ കിഴക്കു ആറരുകിലുള്ള ഒരു ചെറിയ കുന്നിൽ പതിനായിരം രൂപയ്ക്കുമേൽ ചിലവുചെയ്തു് കാൺക്രിററിൽ വിശാലമായി പണിചെയ്യിച്ചിട്ടുള്ള ആശ്രമത്തിലെ പ്രതിഷ്ഠയും ശ്രീ: സ്വാമികളാൽ ൨൨-ാംതീയതിരാവിലെയുള്ള ശുഭമുഹൂർത്തത്തിൽ ഭജന വിശേഷാൽപൂജ അഭ്യാഗതർക്ക് അന്നദാനം മുതലായവയോടുകൂടി മംഗളമായി നടത്തപ്പെട്ടു.

ശ്രീമൽ സ്വാമികൾതന്നെ ൨൩-ം ൨൫-ം തീയതികളിൽ കുളത്തൂരും മീനച്ചിലും സ്ഥാപിക്കപ്പെട്ടിട്ടുള്ള ആശ്രമങ്ങളുടെയും പ്രതിഷ്ഠയും ഉൽഘാടനവും നടത്തി. ഭജനം അന്നദാനം ഘോഷയാത്ര പൊതുയോഗംഎന്നിവ രണ്ടുസ്ഥലത്തും ഏററവും വിജയത്തോടെ കൊണ്ടാടിയിരിക്കുന്നു. മീനിച്ചിൽനിന്നും താലൂക്കുകാരുടെയും വൈശ്യന്മാരുടെയും പുലയരുടേയും വകയായി മൂന്നു മംഗളപത്രങ്ങൾ സ്വാമികൾക്കുസമർപ്പിക്കയുണ്ടായി. ശ്രീ: സ്വാമികൾ ഉത്തരമായി, പുലയർക്കും ഉയൎന്ന ജാതിക്കാരോടൊപ്പം ഹിന്ദുധർമ്മത്തിനു അവകാശമുണ്ടെന്നും ജാതിമനുഷ്യനിർമ്മിതമാണെന്നും വേനൽക്കാലത്തു പ്രത്യേകം ഭേദിച്ചിരിക്കുന്ന കുളവും ചാലും നദിയുമെല്ലാം ഏതുപ്രകാരം വർഷപ്രവാഹത്തിൽ ഭേദശൂന്യമായി ഏകത്വം പ്രാപിക്കുന്നുവൊ അതുപോലെ ശ്രീരാമകൃഷ്ണദേവൻെറ അധ്യാത്മധർമ്മപ്രവാഹത്തിൽ മനുഷ്യനിർമ്മിതമായ ഭേദങ്ങളും ലുപ്തമാകുമെന്നുംഉൽബോധിപ്പിക്കുകയും അവരുടെ പരമമായ ശ്രേയസ്സിനുവേണ്ടി പുനരുക്തമായി അനുഗ്രഹിക്കയും ചെയ്തു.

# പ്രബുദ്ധകേരളം നിബന്ധനകൾ

1 അതാതു മാസം ൨൦-ാംതിയതിക്കകം മാസിക കിട്ടാത്ത വരിക്കാർ അടുത്ത മാസം ൧-ാം തിയതിക്കകം വിവരം അറിയിക്കേണ്ടതാണ്. അപ്രകാരം ചെയ്യാത്തവരുടെ പരാതികൾ ഗൌനിക്കുന്നതല്ല.

2 മേൽവിലാസം മാറിയാലുടനെ വിവരം അറിയിക്കേണ്ടതാണ്

3 രജി. നമ്പർ കൂടാതെ അയക്കുന്ന എഴുത്തുകൾ ഗൌനിക്കുന്നതിന് താമസം നേരിടുന്നതാണ്.

4 മൂന്നു വരിക്കാരെ ചേർത്ത് അവരുടെ ഒരു കൊല്ലത്തെ വരിസംഖ്യ അയപ്പിക്കുന്നവർക്ക് തിരുവായ്മൊഴിയൊ, മഹർഷിനാഗമഹാശയനൊ ഒരു പ്രതി വിലകൂടാതെ അയച്ചു കൊടുക്കുന്നതാണ്.

5 ആറു വരിക്കാരെ ചേർത്ത് അവരുടെ ഒരു കൊല്ലത്തെ വരിസംഖ്യ അയപ്പിക്കുന്നവർക്ക് അവർ ആറുപേരും വരിക്കാരായിരിക്കുന്നിടത്തോളം കാലം "പ്രബുദ്ധകേരളം സൗജന്യമായി അയച്ചു കൊടുക്കുന്നതാണ്.


# Prabuddha Bharata.

A High class monthly on practical Vedanta, setting forth the lofty teachings of SRI RAMAKRISHNA and SWAMI Vivekananda from a nonsectarian standpoint.

Conducted by the Advaita Asrama, Mayavati, Himalayas, and printed in an improved get-up, from Calcutta.

35th year commenced from January, 1930.

Annual Subscription : Rs. 4.Inland, Foreign 11 S.

Please apply to --

The Manager, "PRABUDDHA BHARATA"

182. A. MuktaRam Babu Street,Calcutta.